
പ്രവേഗ
എച്ച് ജി സി ജി എച്ച് എസ്
തോട്ടക്കാട്ടുകര

# ലിറ്റിൽ കൈറ്റ്സ്








# ലിറ്റിൽ കൈറ്റ് പാറിപ്പറക്കട്ടെ

മികവിന്റെ പുരോഗതിയുടെ വിജയക്കൊടി പാറിപ്പറപ്പിച്ചിരിക്കുകയാണ് ഇന്ന് നമ്മുടെ വിവരസാങ്കേതികവിദ്യ. കുട്ടികളുടെ വളർച്ചയ്ക്കുംവിദ്യാലയത്തിന്റെ ഉന്നമനത്തിനു-മായി പ്രവർത്തിക്കുന്ന സംരംഭമാണ് ലിറ്റിൽ കൈറ്റ്.

കുട്ടികളെ IT ലോകത്തിലേക്ക് എത്തിക്കാൻ ഈ സംരംഭംവളരെ സഹായകമാണ്.ഇതിന്റെ ഭാഗമായി ഹൈസ്കൂൾ ക്ലാസ്സുകൾ ഹൈടെക് രീതിയിലേക്ക് ഉയർത്താൻ നമ്മുടെ വിദ്യാലത്തിനു സാധിച്ചു. ലിറ്റിൽ കൈറ്റിന് നമ്മുടെ സ്കൂളിൽ മുൻകൈയെടുത്തത് ലിറ്റിൽകൈറ്റസിന്റെ ടീച്ചർമാരും കുട്ടികളും ചേർന്നാണ്. ഇതിന് മുൻകൈയ്യെടുത്ത നമ്മുടെ വിദ്യാ ലയത്തിലെ

അധ്യാപികമാരായ സോളിടീച്ചറെയും മേരി
ടീച്ചറെയും ഈ അവസരത്തിൽ ഓർമ്മിക്കാതെ

വയ്യ.ഈ കൂട്ടായ്മയ്ക്ക് നൂറുശതമാനം വിജയം

നേരുന്നു.ഇതിനുവേണ്ടി പ്രവർത്തിച്ച
അധ്യാപകർക്കും വിദ്യാർത്ഥികൾക്കും എന്റെ

അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.ലിറ്റിൽ കൈറ്റ്സ്
ഉയരത്തി ലേക്ക്പാറിപ്പാറിപ്പറക്കട്ടെഎന്ന് ഈ

അവസരത്തിൽ ആശംസിക്കുന്നു........

ഹെഡ്മിസ്ട്രസ്

# എഡിറ്റോറിയൽ ബോർഡ്

- ശ്രീക്കുട്ടി .എം.ആർ
- അതുല്യ.റ്റി.ജെ
- മാളവിക.കെ.എസ്
- ഫാരിഷ അൻസാർ
- ഐഷ.വി.വി
- അഞ്ചല ബീഗം
- അമീന.ഇ.എച്ച്
- അലീന വിനിൽ
- അനഘ.എം.എ
- റുക്സാന കരീം

# എഡിറ്റോറിയൽ

കേരളത്തിന്റെ വിദ്യാഭ്യാസചരിത്രത്തിലെ ഈടുറ്റ

ഒരു ചുവടുവെയ്പായിരുന്ന,

അന്താരാഷ്ട്രനിലവാരത്തിലുള്ള പഠനവും,
പഠനസഹചര്യങ്ങൾ ഒരുക്കലും അതിന്റെ
ആദ്യപടിയായി ഹൈസ്കൂൾ ക്ലാസ്സ്മുറികൾ

സ്മാർട്ട് ക്ലാസ്സ്മുറികളായി മാറി.

കാഴ്ചയനുഭവത്തിലൂടെ,ശ്രവണാനുഭവത്തിലൂടെയും
പഠനപ്രക്രിയ നൂതനഭാവങ്ങൾ കൈക്കൊണ്ടു
വിവരവിനിമയ സാങ്കേതികവിദ്യ സ്കൂൾ
തലത്തിൽ ചെലുത്തുന്ന ഈ സ്വാധീനം
പുതിയൊരു സംരംഭത്തെപ്പറ്റി ചിന്തിക്കാൻ

അധികാരികളെ പ്രേരിപ്പിച്ചു, അതിന്റെ

ഫലമാണ് 'ലിറ്റിൽകൈറ്റ്സ് ' എന്ന

കൂട്ടിക്കൂട്ടായ്മ. ഇവർ വിവരവിനിമയ രംഗത്ത്
സഞ്ചരിച്ച് അവ സ്വായത്തമാക്കി ഒരു

കുട്ടിക്കൂട്ടമായി മുന്നേറുന്ന.ഹോളി ഗോസ്റ്റ് കോൺവെന്റ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റിന്റെഒരു എളിയ സംരംഭമാണ് ഈ

ഡിജിറ്റൽ മാഗസിൻ ' പ്രവേഗ ' എന്ന ഈ മാഗസിൻ കുട്ടികളുടെ സർഗ്ഗശേഷി

വികാസത്തിൽശ്രദ്ധയൂന്നിയതാണ്. കുഞ്ഞു സർഗ്ഗചേതനകളിൽ നിന്നുയരുന്ന വിവിധ വ്യവഹാരരൂപങ്ങളെ ഡിജിറ്റലായി

അവതരിപ്പിച്ചിരിക്കുകയാണ് നമ്മുടെ 'കൊച്ചു

പട്ടങ്ങൾ'. ഈ പ്രവർത്തനം അഭിനന്ദ

നീയമാണ്.

എഡിറ്റർ:

ശ്രീക്കുട്ടി .എം.ആർ

IX C

# ലിറ്റിൽ കൈറ്റ് പ്രവർത്തനങ്ങളിലൂടെ

ഒരോവർഷവും വിടപറഞ്ഞുപോകുമ്പോഴും വ്യത്യസ്തവും ഗുണപ്രദവുമായ പദ്ധതികളാണ് നമ്മുടെവിവരസാങ്കേതികവിദ്യആവിഷ്കരിക്കുന്നത് . 2018-ലെ വിവരസാങ്കേതികവിദ്യയുടെ പുതിയ പദ്ധതികളായിരുന്നു ലിറ്റിൽ കൈറ്റ്സ്. ഈ പദ്ധതികളിലൂടെ ആദ്യ ഡിജിറ്റിൽ സംസ്ഥാനം എന്ന അംഗീകാരവും നമ്മുടെ കേരളത്തിന് ലഭിക്കുകയുണ്ടായി.എല്ലാ മേഖലയിലുമുള്ള അടിസ്ഥാനവിദ്യാഭ്യാസമാണ് 1 മുതൽ 10 വരെ സർക്കാർ കുട്ടികൾക്ക് നൽകുന്നത്.വിവരസങ്കേതികവിദ്യയുടെ സഹായത്തോടെയാണെങ്കിലോ? കുട്ടികൾക്ക്

പഠിക്കുന്ന കാര്യങ്ങൾ എളുപ്പത്തിൽഗ്രഹിക്കാനും അവ പൂർണ്ണമായും ഹൃദിസ്ഥമാക്കുവാനും സാധിക്കും.ഇതാണ് വിവരസാങ്കേതിക വിദ്യയുടെ ഹൈടെക്ക്എന്ന പദ്ധതിയുടെ ലക്ഷ്യം.     ഇതിനോടൊപ്പം തന്നെ വിവരസാങ്കേതികവിദ്യ തുടക്കംകുറിച്ച മറ്റൊരു പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.വിവരസാങ്കേതികവിദ്യയെ കൂടുതലായി കുട്ടികൾക്ക് പരിചയപ്പെടുത്താനും അവരുടെ വ്യത്യസ്തഅഭിരുചികൾവിവരസാങ്കേതികവിദ്യയുടെസഹായത്തോടുകൂടിവളർത്തിയെടുക്കുകയുമായിരുന്നു ഇതിന്റെ ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി ഞങ്ങളുടെ സ്കൂളിലും ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭം ആരംഭിച്ചു.2018-ലെ 8-ാംക്ലാസ്സ് വിദ്യാർത്ഥികൾക്കായിരുന്നു ഇതിനുള്ള ആദ്യ അവസരം. ജൂൺ മാസം 6-ാം തിയതി

ബുധനാഴിച്ച രാവിലെ 9.30 നോടെ 32
കുട്ടികളുമായി ഇതിന്റെ ആദ്യക്ലാസ്സ് സ്വപ്ന
ടീച്ചറിന്റെസഹായത്തോടെഅരംഭിക്കുകയുണ്ടായി
.കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി  രണ്ട്
കൈറ്റ്മാസ്റ്റേഴ്സിനെതെരഞ്ഞെടുക്കുകയുണ്ടായി
.എല്ലാ ബുധനാഴ്ച്ചയും വൈകുന്നേരങ്ങളിൽ
കൈറ്റ്സിലെകുട്ടികൾക്കായി 1 മണിക്കൂർ  ക്ലാസ്
നടത്തിവരുന്നു.സൈബർ
സുരക്ഷ,ആനിമേഷൻ,ഗ്രാഫിക്സ്,മലയാളം
ടൈപ്പിങ്ങ്,റോബോർട്ടിക്സ്,പ്രോഗ്രാമിങ്ങ് എന്നീ
ആറു മേഖലകളാണുള്ളത്.ഇവ കുട്ടികളെ
പരിശീലിപ്പിക്കുകയും മികച്ച പ്രകടനം
കാഴ്ച്ചവയ്ക്കുന്നവരെമത്സരങ്ങൾക്കായിസ്കൂളിൽനി
ന്നും കൊണ്ടുപോവുകയും ചെയ്തു.തങ്ങളുടെ
കഴിവിനെ പരിചയപ്പെടുത്താൻ അവർക്കുകിട്ടിയ

ഒരു അവസരമായിരുന്നു അത്.

ഈ വർഷം ലിറ്റിൽ കൈറ്റ്സ് ഏറ്റെടുത്തിരിക്കുന്ന പുതിയ ദൗത്യമാണ് ഡിജിറ്റൽ മാഗസിൻ. ഒരോകുട്ടിയും തയ്യാറക്കിയ വിവിധ തരത്തിലുള്ള കഥ,കവിത,ലേഖനം എന്നിവ ഉൾക്കൊള്ളിച്ചാണ് ഡിജിറ്റൽ മാഗസിൻതയ്യാറാക്കിയത്. ഇങ്ങനെ നവീനവും,ഗുണപ്രദവുമായ പദ്ധതിയിലൂടെ ലിറ്റിൽ കൈറ്റ്സ് ജൈത്രയാത്ര തുടർന്നുകൊണ്ടിരിക്കുന്നു.മികവിന്റെ പുരോഗതിയുടെ പാതയിലൂടെമുന്നേറുന്നു.

# താളുകളിലൂടെ.....

- പൂമ്പാറ്റ
- കർഷകനെമ്പരം
- നമിക്കാം ആകർമ്മധീരരെ
- പോകല്ലേ...പൂക്കാലമേ
- സാമൂഹ്യസേവനം വിദ്യാർത്ഥികളിൽ
- ഒരു കൈതാങ്ങ്
- പറയാൻകഴിഞ്ഞില
- ഓർമകളിലൂടെ
- സെൽഫി സെൽഫി
- കഠിന പ്രയത്നം വിജയത്തിന്റെ വഴി

- പ്രളയ ദിനം -ഒരു കുട്ടിക്കവിത
- ചവിട്ടുനാടകം കേരളത്തിന്റെ തനതു കലാരൂപം
- അമ്മ
- നാട്ടു വൈദ്യം
- പഴഞ്ചൊല്ലുകൾ
- നല്ല പാഠങ്ങൾ
- ഗ്രാമത്തിലെ സന്ധ്യ
- കാട്
- ഗുരു എന്ന പാഠം
- പാവം പൂച്ച
- മൊബൈൽ ആപ്പ്
- എന്റെ ഓർമ്മകൾ

- അമ്മയുടെ മഹത്വം
- കാലം
- മഹാമാരിയും പ്രളയവും
- നൊമ്പരം
- പിരിയേണ്ടിവരുന്ന സൗഹൃദം
- കളിക്കളം
- യോഗ ജീവിത വിജയത്തിന്
- വേദനിപ്പിക്കുന്ന എന്റെ ഓർമ്മകൾ
- ഗുരുശിഷ്യബന്ധം
- മാതാവ്
- തൃശ്ശൂർ പൂരം
- പൂക്കളും കുട്ടികളും
- എന്റെ സൂര്യന്

- പ്രകൃതി
- കേരളത്തിന്റെ കലകൾ
- വേനൽ മഴ
- ബന്ധങ്ങൾ
- മാതൃഭൂമി
- പ്രതിഫലം
- പോയ് മറയുന്നവസന്തം
- ശുഭാപ്തി വിശ്വാസം
- സൗഹൃദം
- From 'my world' to 'The word'
- Teachers

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# പൂമ്പാറ്റ

പല പല വർണ്ണപ്പൂക്കൾ തോറും

പാറി നടക്കും പൂമ്പാറ്റേ.........

പൂമ്പാറ്റേ നിൻ മേനിയിലാകെ

മായാവർണ്ണം പൂശിയതാര്?

ഓരോ പൂവിനുമുമ്മ കൊടുത്ത്

സമ്മാനമായി

വാങ്ങിയതോ?

പൂവുകൾ തോറും പാറി

നടന്ന് തേനുണ്ടില്ലേ നീ



അതിന്റെ

സന്തോഷവർണ്ണം

നല്കിയതോ നീ പൂക്കൾക്ക്!

# കർഷകനൊമ്പരം

ഇന്നെന്റെ ക്ഷേത്രമിതു തരിശുഭൂമി
എൻമനം പോലെ നിർജീവഭൂമി
വേപഥുവാർന്നയെൻ മേനിപോൽ
നിർഗുണം ഇന്നെന്റെ ജീവനും എൻ ഭൂമിയും
കിളിമകൾ തന്നുടെ ഗാനമില്ല
മധുപതിതന്നുടെ മൂളലില്ല
മഴയില്ല കാളതൻ ചുവടില്ല
ഇനിയിവിടെ ഒരു കാമ്പു
പോലും മുളയ്ക്കില്ല
ഗാഢമാം നിദ്രയിൽ ആഴ്ന്നയെൻ
ഭൂമിനി ഉണരില്ല സ്വർഗ്ഗമായ് തീരുകില്ല
ഒരു കൈ ജലത്തിനായ് ദാഹിച്ചു
യെൻഭൂമി ഒടുവിലാകണ്ഠം വരണ്ടുണങ്ങി
അന്നെന്റെ ഓർമ്മയിൽ
ഹരിതമീ കേദാരം
ആഴിയോളം ജലം
കാടിന്റെ സൗന്ദര്യം
ഇന്നെൻ മനംപോൽ ആശാന്തമാം
എൻക്ഷേത്രം എന്തിനോവേണ്ടി
വിതുമ്പുന്നതെന്തിനായ്



# പ്രവേഗ








# നമിക്കാം ആ കർമധീരരെ

കേരളമോന്നാകെ പ്രളയക്കടലിൽ മുങ്ങിയപ്പോൾ
ജാതിമതഭേദമില്ലാതെ രക്ഷാപ്രവർത്തനത്തിന്
ഇറങ്ങിപ്പുറപ്പെട്ട യുവാക്കളെയും
മത്സ്യത്തൊഴിലാളികളെയും സൈനികരെയും
നമുക്ക് നന്ദിയോടെ ഓർക്കാം.കൈമെയ്
മറന്ന്,ജീവൻ പോലും അവഗണിച്ച് അവർ
രക്ഷാദൗത്യത്തിന്
ഇറങ്ങിപ്പുറപ്പെട്ടില്ലായിരുന്നെങ്കിൽ
പ്രളയജലത്തിൽ അനേകം ജീവനുകൾ
പൊലിഞ്ഞുപോയേനേ.വേണ്ടസമയത്ത്
ഉണർന്ന് പ്രവർത്തിക്കാ അവർക്ക്
പ്രചോധനമായത് മാനവിതകളുടെ ഉയർന്ന
മൂല്യങ്ങളാണ്.ജാതിയുടെയോ മതത്തിൻെയോ
സമ്പത്തിൻെയോ വലുപ്പച്ചേറുപ്പങ്ങളില്ലാതെ
ഏകോദര സഹോദരങ്ങളെപ്പോലെ മലയാളികൾ
ഒന്നായി മാറിയ മഹനീയ കാഴ്ച്ക്ക് ലോകം
സാക്ഷ്യംവഹിച്ചു. അവനവനെക്കുറിച്ചു
ചിന്തിക്കാതെ ഏവനും മറ്റുള്ളവരെ ക്കുറിച്ചു മാത്രം

ചിന്തിച്ച നാളുകളായിരുന്ന അത്. ഭരണക്കൂടവും വാർത്താമാദ്യമങ്ങളും ദുരിതബാതിതർക്ക് കൈത്താങ്ങായി. ആരോപണങ്ങളും മുതലെടുപ്പുകളും ഒരുഭാകത്തു നിന്നും ഉണ്ടായില്ല. നാടിനെത്തന്നെ ഇല്ലാതാക്കുമായിരുന്ന വിപത്തിനെ മറികടക്കാൻ, സഹവർത്തിത്വം നിറഞ്ഞ ആ ഒത്തു ചേരൽ നമുക്ക് കരുത്തു നൽകി. എത്ര വലിയ ദുരന്തത്തേയും മനക്കരുത്തുകൊണ്ട് അതിജീവിക്കാം എന്ന വലിയ പാഠം നാം പഠിച്ചു. കൊച്ചു സമ്പാദ്യപ്പെട്ടികളിൽ സൂക്ഷിച്ചിരുന്ന നാണയത്തുട്ടുകളുമായി കുട്ടികളും തങ്ങളുടെ സഹായം ദുരിതഭാതിതരിലെത്തിച്ചു. സമാനതകളില്ലാത്ത ഒരു ദുരന്തത്തെ അഭിമുഗികരിക്കേണ്ടിവന്ന മലയാളികൾ വാക്കുകൾക്കും അപ്പുറമായ കരുതലിലൂടെ ലോകത്തിനു മാതൃകയായി. ദുരന്തം അത് എത്ര വലിയതായാലും ഒറ്റക്കെട്ടായി നിന്നു നമൾ മലയാളികൾ.

# പോകല്ലേ..... പൂക്കാലമേ.....

പേകല്ലേ... പേകല്ലേ...പൂക്കാലമേ....

നിന്റെ പോക്കുവരവുകൾ വേണ്ടവേണ്ട
എന്നും വസന്തമായ് നിന്നെക്കാണാൻ
എന്നുമെന്നും നീ വന്നീടുക.

ചെത്തി ജമന്തിയും മുല്ലയും മുക്കുറ്റി
മന്ദാരവും കണിക്കൊന്നയും വേണം
ഒറ്റക്കു നിൽക്കുന്ന തുമ്പപ്പൂവേ...
കൂട്ടമായ് നിൽക്കുന്ന കൊട്ടപ്പൂവേ....

പോകല്ലേ... പോകല്ലേ...പൂക്കാലമേ....
നിന്റെ പോക്കുവരവുകൾ വേണ്ടവേണ്ട
പൂത്തുമ്പി നിന്നു ചിരിക്കും പിന്നെ
പൂവിന്നു ചുറ്റും പറപറക്കും

കുട്ടികൾ വാരിപ്പുണർന്നേകിലും
കെട്ടിപ്പിടിച്ചു വെച്ചീടിലും
എന്നും വരിക നീ പൂക്കാലമേ....
എന്നും നിന്നീടുക പൂക്കാലമേ....

പ്രവേഗ









# സാമൂഹ്യസേവനം വിദ്യാർത്ഥികളിൽ

ശരിയായ സാമൂഹിക സേവനം മനുഷ്യബന്ധങ്ങളെ കൂടുതൽ ദൃഢമാക്കുന്നതിനും ഇന്ന് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന പല അനീതികളും പോരായ്മകളും പരിഹരിക്കുന്നതിനും വളരെയധികം സഹായകമാണ് .സാമൂഹ്യസേവനം എന്നത് വെറുമൊരു തൊഴിലോ നേരം കളയാനുള്ള മാർഗ്ഗമോ , വിദ്യാഭ്യാസത്തിൻറെ ഭാഗമോ മാത്രമായി കാണാതെ അത് നമ്മുടെ ഭാവി ജീവിതത്തിൻറെ ശാക്തീകരണത്തിനും നന്മനിറഞ്ഞതും പുരോഗമനപരവുമായ ഒരു രാഷ്ട്രത്തിന്റെ തന്നെ അടിത്തറയാണെന്നും ഓരോ വിദ്യാർത്ഥിയും മനസ്സിലാക്കണം.

# ഒരു കൈതാങ്ങ്

ഒരിടത്ത് അപ്പു എന്നു പേരുള്ള ഒരു കുട്ടി
രാവണപുരംഎന്നസഥലത്ത്താമസിച്ചിരുന്നു
.അവൻ ഒരു കുസൃതികാരൻ ആയിരുന്നു.
അമ്മുവും, അച്ചുമായാണ് അവൻ കളിക്കുന്നത്.
ഒരു ദിവസം അവർ അവരുടെ വീടിനടുത്തുള്ള
കുളത്തിൽ പോയി. അപ്പോ അവൻെറ
കൂട്ടുകാരിയായ അമ്മു കുളത്തിൽ വീണു. അവളുടെ
കരച്ചിൽ കേട്ട് അപ്പു ഓടി വന്നു.അവൻ
നോക്കുബോൾ അവൾ വെള്ളത്തിൽ
കൈയിട്ടടിക്കുകയായിരുന്നുഅവിടെ
നിന്നവരാരും കുളത്തിൽ ചാടാൻ
തയ്യാറായില്ല.അവർക്കാർക്കും നീന്തൽ
അറിയില്ലായിരുന്നത്രെ.അപ്പുവിന് നിന്തൽ
അറിയാമായിരുന്നു. അവൻ അവളെ
രക്ഷിച്ചു.അവർ സന്തോഷത്തോടെ മടങ്ങി.

# പറയാൻ കഴിഞ്ഞില

പൊൻ പുലരിയിൽ വീണ തുഷാരകണങ്ങളിൽ
അനലാർക്കരശ്മികൾ പതിക്കുമ്പോൾ
വിടരുന്ന ഏഴേഴുവർണങ്ങൾ
തെളിയുന്നതിൽ അരുണവദനം ശോഭയോടെ
അതുപേൽ തെളിയുന്ന നിൻമുഖമെന്റെ
മനതാരിൽ ഏഴേഴുവർണങ്ങളിൽ
ഓർക്കാതിരുന്നാൽ ഉരുകുന്ന നെഞ്ചകം
കാണാതിരുന്നാൽകരയുന്ന കണ്ണുകൾ
കാതുകൾ കൊതിക്കുന്നു നിൻസ്വരം കേൾക്കുവാൻ
അങ്ങു ദൂരയാണു നീയെങ്കിലും
നിൽക്കുന്നു നീയെന്റെ മുന്നിലെപ്പോഴും
എൻ മൗനമിഴികളിൽ നിറയുന്ന നിൻ
രൂപവും എങ്കിലും...... പറയാൻ കഴിഞ്ഞില
അന്നും ഇന്നും.........
ഒരുപാടു ജന്മാന്തരങ്ങൾ കഴിഞ്ഞാലും
ഒരുപാടൊരുപാടു ഇഷ്ടമാണെന്ന കാര്യം.

..............

# ഓർമകളിലൂടെ

മലപ്രദേശം എന്ന് അറിയപ്പെടുന്ന നാട്ടിൽ ഒരു ദിവസം അമ്മൂമ്മ താമസിച്ചിരുന്നു,സ്വന്തം മക്കൾകൊപ്പം.ഒരു ദിവസം അമ്മൂമ്മ തന്റെ പേരാമക്കളോട് ഈ ഗ്രാമത്തിന്റെ പഴയ സ്ഥിത,കാര്യങ്ങൾ,നല്ല ഓർമ്മകൾ പങ്കുവയ്ക്കുകയാണ്.അമ്മൂമ്മ പറഞ്ഞു തുടങ്ങി

"ഞാൻ

ജനിച്ചു വളർന്ന നാടാണ് ഇത് എന്റെ ജന്മനാട്. ഞാൻ കളിച്ചു വളർന്നതും വിദ്യാഭ്യാസത്തിന്റെ ആദ്യചുവട്  വെച്ചതും എന്റെ ജന്മനാടായ ഈ നാട്ടിൽ വെച്ചാണ്.പണ്ടൊക്കെ സ്കൂൾ അവധി എന്നുപറഞ്ഞാൽഞങ്ങൾക്ക്ഉത്സവകാലമായിരുന്നു.പുഴയിൽ കളിച്ചും, മണ്ണിൽ കളിച്ചും, കഞ്ഞിയും കറിയും വെച്ച് കളിക്കുമായിരുന്നു.ഞങ്ങൾ രാവിലെത്തന്നെ

എഴുന്നേറ്റ് പുഴയിൽ പോയി കുളിച്ച് പ്രാർത്ഥിച്ച് പ്രഭാത ഭക്ഷണം കഴിച്ച് ഞങ്ങളുടെ കളി ആരംഭിക്കുമായിരുന്നു.വിശ്രമം ഉച്ചക്കായിരുന്നു.അതു കഴിഞ്ഞ് പിന്നെയും കളി ആരംഭിക്കും.വയലിലും,തോട്ടുകളിലും......... എന്തു രസമായിരുന്നുയ അന്നൊക്കെ".അമ്മുമ്മ ഒരു ദീർഘശ്വാസം വിട്ടു.പഴയ ഓർമ്മകൾ അമ്മൂമ്മയുടെ നെഞ്ചിലേക്ക് ചേർത്തുപിടിച്ച പിന്നെയും പറഞ്ഞുതുടങ്ങി "ഞങ്ങളുടെ എല്ലാം ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമായിരുന്നു.പക്ഷേ ഇന്നൊ?നിങ്ങൾ ഈ സുഖങ്ങൾ അനുഭവിക്കുന്നുണ്ടോ? സ്കൂൾ പൂട്ടിയാൽ നിങ്ങൾ ടി.വിയും ഇന്റർനെറ്റുമായിട്ടാണ് ബന്ധം പുലർത്തുന്നത്,അല്ലേ?.നിങ്ങൾ കുട്ടികളാണ് ആദ്യം നമ്മുടെ പ്രകൃതി ആരെന്നറിയണം,നമ്മൾ എവിടെയാനിലകൊള്ളുന്നതെന്നറിയണം .എന്നിവ അറിയൽ എല്ലാ മനുഷ്യർക്കും

അനിവാര്യമാണ്.

ഇപ്പോൾ നമ്മുടെ നാട്ടിൽ ഒരു നല്ല പുഴയില്ല,തോടില്ല എന്നതാണ് സത്യം.അവയിലെല്ലാം മാലിന്യങ്ങളാണ്. "ഇങ്ങനെ വരാൻ കാരണമെന്ത്?"അമ്മൂമ്മ കുട്ടികളോട് ചോദിച്ചു.അവർ പറഞ്ഞു "ഞങ്ങൾക്കറിയില്ല അമ്മൂമ്മേ അമ്മൂമ്മ തന്നെ പറയാം".പിന്നെയും അമ്മൂമ്മ പറഞ്ഞു തുടങ്ങി."ഇങ്ങനെ വരാൻ കാരണം ഈ പുതുതലമുറയാണ,അവരുടെഅറിവില്ലായ്മ.സ്കൂളുകളിൽ പോയി പഠിച്ച അറിവ് മതി എന്നാണ് ചിലരുടെയൊക്കെ ചിന്ത. എന്നാൽ അത് തെറ്റാണ.പൊതുവായഅറിവും കൂടി വേണ.എന്നാലാണ്അറിവ്പൂർണ്ണമാകുകയൊള്ളൂ.' 'അമ്മൂമ്മ കുട്ടികളോട് ചോദിച്ചു."മക്കൾ ഇാ നാട്ടിലെ പുഴയില്ഞ്ഞ കുളിച്ചിട്ടുണ്ടോ?ഒരാൾ

പറഞ്ഞു, ഇല്ലായെന്ന്.അമ്മൂമ്മയുടെ മനം എന്തുകൊണ്ട്

പൊട്ടുന്നതായിതോന്നി.പണ്ടൊക്കെ പുഴയിൽകുളിക്കാത്തവരായിആരുമുണ്ടായിരുന്നി

ല്ല.അനുഭവങ്ങൾ പങ്കുവെച്ചും,കളിച്ചും രസിച്ചും നടന്ന കാര്യങ്ങൾ മറക്കാൻ ഒരിക്കലും

കഴിയുകയില്ല.
ആ സുന്ദരമായ ദിനങ്ങൾ ഇന്നും എന്റെ മനസ്സിൽ

ഇന്നലെ കഴിഞ്ഞതുപോലെയുണ്ട്.അമ്മൂമ്മയുടെ കണ്ണിൽ നിന്ന് ഒരു കണ്ണുനീർ പുറത്തേക്ക്

ചാടി.ആ കണ്ണീരിൽ അവരുടെ പഴയകാല അനുഭവങ്ങൾ ഇന്ന് പുതുതലമുറയ്ക്ക്

നഷ്ടപ്പെട്ടുപോയതിന്റെ സങ്കടമായിരുന്നു.അമ്മൂമ്മ

അവസാനം ഇങ്ങനെ പറഞ്ഞു നിർത്തി.
"പഴയകാല ഓർമ്മകൾ എന്നും നിലനിൽക്കും, എന്നാൽ പുതുതലമുറയുടെ ജീവിതം

മാറിക്കൊണ്ടേയിരിക്കും."

# സെൽഫി-സെൽഫി




കാലം ഇത് സെൽഫിക്കാലം
പരസഹായം വേണ്ടേവേണ്ട
വിവിധ പോസുകളിൽ ക്ലിക്കിടാം
ഇത് അവനവനസത്തിൻ കാലം.

അപകടം വിളിച്ചുവരുത്തുമീ സാഹസീകത
അപരൻതൻ സത്പേര് കളങ്കിതമാക്കും
നൂതന മാധ്യമങ്ങളിൽ സെൽഫിയിടാൻ
മത്സരം കിടമത്സരം കിടിലൻ മത്സരം.

ഇടയ്ക്കിടെ ഫോട്ടോ പോസ്റ്റുകളിട്ടും
എത്രയെടുത്താലും പോരാ പോരാ
ലൈക്കും കമന്റും പോരാ പോരാ
ആത്മസംതൃപ്തിയില്ലേയില്ല
സ്വപ്നങ്ങളിൽ സെലിഫി മാത്രം.
അപകടങ്ങൾ സെൽഫിയിൽ
പകർത്തവേ
അപകട സെൽഫി മരണങ്ങൾ
മൃതപ്രായരായി വഴിയിൽ കിടപ്പവരെ
ജീവന്റെ തെല്ലും വില കല്പിക്കാതെ
സെൽഫിയിൽ പകർത്താൻ വഴി
തേടുന്നവർ
അന്യർതൻ ഫോട്ടോ മോർഫിങ് നടത്തി
ചെയ്യുവോരുമുണ്ടിവിടെ

ഇങ്ങനെ സെൽഫി വിതയ്ക്കും

വിനകളനവധി
അശ്രദ്ധമൂലം സെൽഫി തീർക്കും ശരശയ്യ
സ്നേഹം ക്രമേണ അഹത്തിലൊതുങ്ങി
ഞാനുമെൻ സ്വന്തകാര്യവും മാത്രമാകാതെ
കണ്ണുതുറക്കാം സ്വാർത്ഥത വെടിയാം
നല്ലതും നന്മയും ഉൾക്കൊള്ളാം
പരസ്നേഹത്തിൻ സെൽഫി പകർത്താം.

ലാമിയ സലീം
IX B

# കഠിന പ്രയത്നം

## -വിജയത്തിന്റെ വഴി

ഒരിടത്ത് രാജു എന്നിപേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവന്റെ അച്ഛന് ഒരു മരംവെട്ടുകാരനയിരുന്നു. അച്ഛനും അമ്മയും മൂന്ന് സഹോദരങ്ങളും അടങ്ങുന്നതായിരുന്നു അവന്റെ കുടുംബം.  ഒരു ദിവസം അവന്റ അച്ഛന് മരത്തിന്റെ മുകലില് നിന്നു വീണു തളര്ന്നുപോയി. കട്ടിലില് നിന്ന് എഴുന്നേല്ക്കാന്  വയ്യാതായി. അതോടെ ആ വീടിന്റെ ഏക വരുമാനം ഇല്ലാതായി.

രാജു അവന്റെ പഠിപ്പ് നിര്ത്തി സഹോദരങ്ങളെ പോറ്റാന്വേണ്ടി അവന് ഒരു ചായക്കടയില് പണിക്ക്പോയി തുടങ്ങി.

പക്ഷെ പഠിക്കാനുള്ള ആഗ്രഹം അവന് അടക്കാൻ കഴിഞ്ഞില്ല. അവന്റ കൂട്ടുകാരായ കുട്ടികളുടെ പുസ്തകം വാങ്ങി അവൻ പഠിക്കാൻ തുടങ്ങി. പകൽ ചായക്കടയിലെ പണിയും, രാത്രിസമയങ്ങളിൽ പഠിപ്പുമായി അവൻ മുന്നോട്ടു പോയിക്കൊണ്ടിരുന്നു.

അങ്ങനെ പരീക്ഷ ദിവസം എത്തി. പരീക്ഷ കഴിഞ്ഞപ്പോൾ ഏറ്റവും കൂടുതൽ മാര്ക്ക് ലഭിച്ചത് രാജുവിനായിരുന്നു. അവന്റെ കഴിവിൽ അഭിമാനം തോന്നിയ അദ്ധ്യാപകര് അവന് പഠിക്കാനുള്ള എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു. രാജു പഠിച്ച് വലിയ നിലയിലെത്തി. നല്ലൊരു ജോലിയും സമ്പാധിച്ചു. രാജു അങ്ങനെ കഠിനപ്രയത്നത്താൽ, വീടിനും നാടിനും അഭിമാനമായി മാറി.

# പ്രളയദിനം

## കുട്ടിക്കവിത

ഭീകരത്ത നിറഞ്ഞൊരു   ആകാശമാണിന്നു
ഞാൻ കാണുന്നത്
എന്തുകൊണ്ടിങ്ങനെ വിർപ്പുമുട്ടുന്നു
പൊട്ടികരഞ്ഞുടേ
ആകാശമേ...
കിഴക്കു, വടക്കു, തേക്ക്, പടിഞ്ഞാറ് വെള്ളം കയറി
നാലു ദിക്കിലും നിന്നു
എങ്ങോട്ടെന്നില്ലാതെ പായും ജനങ്ങളെ
പേടിയോടെ
നോക്കുന്നു ഞാൻ
പേടിയോടെ നോക്കുന്നു ഞാൻ.......................

–

*ബിനി*

# ചവിട്ടുനാടകം

# കേരളത്തിന്റെ തനതു കലാരൂപം



കേരളത്തിലെ ക്രൈസ്തവർ നമ്മുടെ കലാവേദിക്കു സംഭാവന നൽകിയ അനന്യസാധാരണമായ ഒരു ദൃശ്യകലാരൂപമാണ് ചവിട്ടുനാടകം.തമിഴ് നാട്ടിൽ തെരുക്കുത്തെന്ന പേരിലും ശ്രീലങ്കയിൽ നാടഗമ എന്നപേരിലും ചവിട്ടുനാടകം നിലന്നിരുന്നു.

വാസ്കോഡഗാമയുടെ കൂടെ വന്ന
പറങ്കികൾ ഇവിടെ വച്ച് മിശ്രവിവാഹം
ചെയ്തുണ്ടായ
ജനതയിൽ നിന്നാണ് ചവിട്ടുനാടകം എന്ന
കലാരൂ
പം കേരളത്തിൽ  ഉടലെടുക്കുന്നത് എന്നാണ് സി.
ജെ.തോമസ് തന്റെ ഉയരുന്ന യവനിക എന്ന
പുസ്ത
കത്തിൽ സൂചിപ്പിക്കുന്നത്.

ക്രിസ്തീയപ്രേക്ഷകർക്ക്
രസിക്കത്ത
ക്കവിധത്തിൽ ബൈബിൾ കഥകൾ
രംഗാവതരണം
നൽകിയിരിക്കുന്നൊരു കലാരൂപമാണ്
ചവിട്ടുനാട കം.കേരളത്തിലെ കഥകളി,കൂടിയാട്ടം
എന്നീ കലാരൂപങ്ങളോട്ടും യൂറോപ്യൻ
ഓപ്പറെയോടും അടുത്ത ബന്ധം പുലർത്തുന്ന ഒരു
പ്രാചീന കലാപ്രസ്ഥാനമാണ് ചവിട്ടുനാടകം.

# അമ്മ



ഉച്ചയൂണിന് രുചിയൂറും

ചോറും കറികളും ഉണ്ടാക്കും

ഇത്തിരി മധുരം നൽകാനായി

പാലട വച്ചു വിളമ്പീടും.

വൈകുന്നേരം കാപ്പിക്കായി

അടയോ വടയോ ഉണ്ടാക്കും

ഇത്തിരി നേരം കിട്ടുമ്പോൾ

കായപ്പേരി വറുത്തീടും.

അന്തിവിളക്കു തെളിഞ്ഞല്ലോ
അത്താഴത്തിനു പൊടിപൂരം
എല്ലാ പണിയും തീര്ന്നിട്ടിരിക്കാൻ
അമ്മക്കില്ല ഇത്തിരി നേരം.

ലാമിയ സലീം

# നാട്ടുവൈദ്യം



1. പനി

തുളസി നീര് തേനിൽ സേവിക്കുക

2.തലവേദന

പാണൽ വേരിലേ തൊലി പാലിൽ

അരച്ച്  നെറ്റിയിൽ തേക്കുക.

നെല്ലിത്തൊലി പാലിലരച്ച് നെറ്റിയിൽ

തേക്കുക

3. ചുമ

ഉലുവ കഷായം വെച്ച് കുടിക്കുക.

4. ജലദോഷം

തുളസിയില കഷായം വെച്ച് സേവിക്കുക.

5. മുഖക്കുരു

തുളസിയില തിരുമ്മി നീര് മുഖത്ത് പുരട്ടുക.

കടുക്കത്തോട് അരച്ച് പുരട്ടുക.

6. ചതവ്

തൊട്ടാവാടി വേര് പച്ചവെള്ളത്തിൽ

അരച്ച് പുരട്ടുക.

# പഴഞ്ചൊല്ലുകൾ

- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
- അകത്തു കത്തിയും പുറത്തു പത്തിയും
- അഞ്ചു വിരലും ഒരുപോലല്ല
- ആനയ്ക്ക് തടി ഭാരം,ഉറുമ്പിനു അരി ഭാരം
- ഉണ്ട ചോറിൽ കല്ലിടരുത്
- ഇരയിട്ടാലേ മീൻ കിട്ടൂ
- അണ്ണാൻ മൂത്താലും മരംകേറ്റം മറക്കുമോ?
- വിത്തു ഗുണം പത്തു ഗുണം
- ഓടക്കുഴലുകൊണ്ട് തീയൂതരുത്
- അതിമോഹം കുടി കെടുത്തരുത്

-

റഹ്മത്ത്

# നല്ല പാഠങ്ങൾ

## എളുപ്പത്തിൽ പഠിക്കാൻ

- സന്തോഷത്തോടെ പഠിക്കുക.
- കുളിച്ചിട്ട് ഇരിന്ന് പഠിക്കുക.
- നട്ടുനിവർത്തിയിരുന്ന് പഠിക്കുക.
- ദീർഘശ്വാസമെടുത്ത് പഠിക്കുക.
- ഉച്ചത്തിൽ വായിച്ച് പഠിക്കുക.
- പഠിക്കുന്നതിന്റെ ഇടയിൽ വെള്ളം
- കുടിക്കുക.

- പരീക്ഷ സമയത്ത് പച്ചക്കറികൾ കൂടുതൽ കഴിക്കുക.
- ടൈം ടേബിൾ വെച്ച് പഠിക്കുക.
- നല്ല പ്രകാശമുള്ള സ്ഥലത്തിരുന്ന പഠിക്കുക.
- വായുസഞ്ചാരമുള്ള മുറിയിൽ ഇരുന്ന് പഠിക്കുക.
- **നമ്മുടെ ലക്ഷ്യത്തിൽ എത്തുവാൻ**
- ലക്ഷ്യം എഴുതി സൂക്ഷിക്കുക.
- ദൃഢനിശ്ചയത്തോടെ സ്വപ്നം കാണുക.
- ചിന്തകളെ നിയന്ത്രിക്കുക.
- കഴിവുകളെ തിരിച്ചറിയുക.

മാതാപിതാക്കളുടെയും ഗുരുനാഥന്മാരുടെയും അനുഗ്രഹം.

# കടങ്കഥകൾ

ഞെട്ടില്ല വട്ടയില്ല -
പപ്പടം

മുറ്റത്തെ ചെപ്പിനടപ്പില്ല -
കിണർ

അകത്ത് രോമോം പുറത്ത് തോലും -
മൂക്ക്

കാളകിടക്കും കയറോടും -
മത്തങ്ങഅടിക്ക വെട്ട് നടുക്ക കെട്ട് തലക്ക
ചവിട്ട് -

അമ്മ കിടക്കും മക്കൾ ഓടും -
അമ്മിക്കല്ല്

അമ്മയ്ക്ക് ഉമ്മ കൊടുത്ത മകൻ വെന്തു മരിച്ചു -
തീപ്പെട്ടി

പിടിച്ചാൽ ഒരു പിടി അരിഞ്ഞ്ഞൽ ഒരു മുറം

- ചീരഒരു

വീടിനു അഞ്ച് കാവൽക്കർ -

കൈപ്പത്തി

ആയിരം പോലീസുകാർക്ക് ഒരു ബെൽറ്റ്

- ചൂൽ

# ഗ്രാമത്തിലെ സന്ധ്യ

നൂറു പാടങ്ങൾക്കു നീർ കൊടുക്കും
ആറുമദിച്ചു കുതിച്ചൊഴുകി
രണ്ടു കരയ്ക്കും കുലച്ചു നിൽപ്പൂ
തണ്ടുകൾ ചാഞ്ഞുലഞ്ഞാറ്റുവഞ്ചി
കരിയില കാറ്റിൽ പറന്നപോലെ
കുരുവികൾ മാനത്തലഞ്ഞിടുമ്പോൾ
ചെറുചെറു തോണികൾ ചൂണ്ടലുമായ്
കരിമീനുകളെപ്പരതിടുമ്പോൾ
ചിറകുമുയർത്തിക്കഴുകനെപ്പോൽ
കരകളിൽച്ചീനവലകൾ നിൽക്കെ
ചുഴികളിൽ ചെഞ്ചായമിട്ടുകൊണ്ടാ
വഴിനടന്നെത്തും തുടുത്ത സന്ധ്യ

# കാട്



വാർമെത്തും വനസ്ഥലിയിൽ
ഒരുനാൾ ഞാൻ വന്നിരുന്നു
തുംഗാഗ്രം കണക്കെ വന-
ഹ്രദത്തിൽ സ്തോഭം
ത്വൻ വിഭക്തി കണ്ട്
ഞാൻ സ്തബ്ധനായി
ശോണിമയണിഞ്ഞ ത്വൻ സൂനവും

മട്ടോലും നിന്റെ ഫലങ്ങളും
താരകം വാക്കുകളാകുന്ന മർമ്മരവും
കണ്ടുവും കേട്ടുവും ഞാൻ
അധുനി ഞാൻ നിന്റെ
ഭംഗിയിൽ വിരാജിക്കുകയാണ്
നിന്റെ ഈ ചാരുവിൽ
നിർവൃതിയിൽ മുഖരിതമാകാത്തവൻ
ആരുണ്ട് ആ ഈ മഹിയിൽ?

# ഗുരു എന്ന പാഠം

ഗുരു എന്നാൽ വെളിച്ചം പകർന്നു തരുന്ന വ്യക്തി എന്നാണല്ലോ . മാഷിന്റെയും ടീച്ചറുടെയും കാര്യത്തിൽ ഈ വാക്ക് തികച്ചും ശരിയാണ് . സ്നേഹവും, ശിക്ഷണവും വാത്സല്യവും എന്നതാണ്
ടീച്ചറും മാഷും . 16 വർഷമായി ടീച്ചറുടെ കീഴിൽ നൃത്തം അഭ്യസിക്കുന്നു ഞാൻ ഇന്ന് നൃത്തത്തിൽ ഉയർത്തിട്ടുണ്ടെങ്കിൽ അതിനു പൂർണ കാരണം ടീച്ചറാണ് . ടീച്ചറും മാഷും എന്നെ പ്രോഗ്രാമിന് വിളിക്കുകയും ഒരു പൈസയും ഇല്ലാതെയാണ് പ്രോഗ്രാം ചെയ്യിക്കുന്നത് . ഞാൻ കളിക്കാത്ത കുഴപ്പമാണുള്ളത്

2017 – ൽ എനിക്ക് ടീച്ചറിന്റെയും മാഷിന്റെയും കൂടെ മുബൈയിൽ പോകുവാൻ അവസരം കിട്ടി . ടീച്ചറിനും മാഷിനെ ദൈവത്തിനെ നന്ദി പറയുന്നു . ഇത്രയും നല്ല അവസരം എനിക്ക് തന്നതിന് ഞാൻ ടീച്ചറക്കും മാഷിനും കടപ്പെട്ടിരിക്കുന്നു . ഞാൻ വിമാനത്തിൽ കയറുമെന്ന് ഒരിക്കലും വിചാരിച്ചിരുന്നില്ല . ഇത് ഇങ്ങനെ ഒരു സുവർണ്ണാവസരം കിട്ടുമെന്ന് ഒട്ടും വിചാരിച്ചില്ല .

വിമാനത്തിൽ കയറിയപ്പോൾ ടീച്ചറും മാഷും ആദ്യ തന്നെ സീറ്റ് ബൽറ്റ് ഇടണം എന്ന് പറയുകയും വിമാനം വേഗത്തിൽ പോയപ്പോൾ പേടിക്കണ്ട എന്ന് പറയുകയും ചെയ്തു . പരിപാടി കഴിഞ്ഞപ്പോൾ വിശക്കുമെന്ന് ടീച്ചർക്ക് മനസ്സിലാക്കിയതും , ടീച്ചർ മാഷിനോട് പറഞ്ഞ് ചപ്പാത്തി വാങ്ങി

തരുകയും ചെയ്തു. ഇതിൽ നിന്ന് തന്നെ അറിയാം ടീച്ചറും മാഷും വളരെ കെയറിങ്ങാണ്.

നാട്യകലയിടെ

അരങ്ങിലേക്ക് എന്നെ കൈപിടിച്ച കയറ്റിയ ടീച്ചറുടെ കാൽപാദങ്ങളിൽ

ഞാൻ ശിരസ്സ് നമിക്കുകയും ടീച്ചർക്കും മാഷിനും സർവ്വൈശ്വര്യവും, ആയുരാരോഗ്യവും ഈശ്വരൻ നല്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

അക്ഷര വി.ആർ

# പാവം പൂച്ച



മുഖം മിനുക്കിയിരിക്കുന്നുണ്ട്
മുനിഞ്ഞിരിക്കും പൂച്ചച്ചാർ
മണ്ടിപ്പാഞ്ഞു വരുന്നുണ്ടുവിടെ
പാണ്ടൻ നായചങ്ങാതി
കാലുകൾ നാലും നീട്ടിയെണീറ്റ്
വാലും ചെതല്ല വിറപ്പിച്ച്
മീശയിളക്കി ക്കാറിച്ചീറി
മേലും മെല്ലെ വളച്ചിട്ട്

പെട്ടെന്നോടിക്കേറി  പൂച്ച
തെക്കെ മാവിൻ കൊമ്പത്ത്
നായെക്കണ്ടീ പൂച്ചയിതിങ്ങനെ
സർക്കസു കാട്ടണതെന്തമ്മേ

ജിസ്ന് ജബ്ബാർ  എ.എ

# മൊബൈൽ ആപ്പ്

നവീന സോഷ്യൽ മീഡിയ വരവോടെ
സുഹൃദ്ബന്ധങ്ങളിൽ വിള്ളൽ വീണല്ലോ
ഞാനമെൻ ലോകവും മാത്രമായിട്ടും
മൊബൈൽ ഫോൺ ഇന്റർനെറ്റ്
ഫെയ്സ്ബുക്കും

ട്വിറ്റർ,യൂറ്റ്യൂബ്,വാട്സ് ആപ്പ് ഇങ്ങനെ
ഓരോ ആപ്പുകളും കുറേ പൊല്ലാപ്പുകളും
യാത്ര ചെയ്യും വേളകൾ നമ്രശിരസ്കരായി
മൊബൈലിൽ തടവിയും തലോടിയും
സമയംപോക്കും

മിണ്ടാട്ടമില്ല,ഉരിയാട്ടമില്ല,ഇടംവലം നോട്ടമില്ല
സഹയാത്രകരെ കണ്ട ഭാവമേയില്ല

അവനവനിലേക്കൊതുങ്ങും വ്യക്തികളായി നാം.
ഫെയ്സ്ബുക്ക് പോസ്റ്റിൽ കണ്ണുംനട്ട്
ലൈക്കും ഷെയറും മോഹിച്ചവർ
സമയം കെല്ലികളായി മാറിട്ടും
കുടുംബബന്ധങ്ങളിൽ വിരസതയേറി
സ്വന്തബന്ധങ്ങൾ അന്യമായി

അവർതൻ കഥകൾ വ്യഥകൾ

ഷെയർചെയ്യാൻ സമയമില്ലൊട്ടും.

വഴിയോരക്കാഴ്ച്കൾ കണ്ണില്ല

നിരനിരയായ് നിരത്തുകളിൽ നീങ്ങും

സഹജരെ കണ്ടിട്ടും കണ്ടില്ലെന്നു

നടിക്കും.

അപരിചിതരാം വ്യക്തികളെൻ

മാധ്യമകൂട്ടരായി വിലസും

വൈറലാകും വാർത്തകൾക്കായി

തേടിത്തേടിയലയുമീ ന്യൂജെൻ

ചാറ്റിങ്ങ് പിന്നെ ചീറ്റിങ്ങായി

ചിലന്തിയെപ്പോൽ കെണിയൊരുക്കി

കാത്തിപിപ്പവർ

ചതിക്കുഴിയിൽ വുഴാതെ നമ്മൾ

നിതാന്തജാഗ്രത പുലർത്തുക വേണം.

ഗുണഗണങ്ങളേറെയുണ്ടെന്നാകിലും

ലോകത്തിൻ മായക്കാഴ്ചകളിൽ മുഴുകി

സമയം നഷ്ടപ്പെടുത്താനില്ലൊട്ടും.

# എന്റെ ഓർമകൾ

കാലവർഷക്കെടുതിയിൽ അകപ്പെട്ട എനിക്ക് നഷ്ടപ്പെട്ടത് ജീവിതസ്വപ്നങ്ങളാണ്. പക്ഷേ, എനിക്ക് നഷ്ടപ്പെട്ടത് ഒന്നുമല്ല എന്ന് മനസ്സിലാക്കിയത് ജീവിതത്തിനും മരണത്തിനും ഇടയിൽപ്പെട്ടുപോയ എന്റ അയൽപക്കക്കാരെക്കുറിചോർത്തപ്പോഴാണ്.

2018 ആഗസ്റ്റ് മാസം 14-ന് രാത്രി അയൽപക്കത്തെ രണ്ട് വീടിന് സമീപമുണ്ടള്ള വീട്ടിലെ ഒരു ചെറുപ്പക്കാരൻ എന്റെ വാതിലിൽ മുട്ടിവിളിച്ചു, എന്റെ പിതാവ് വാതിൽ തുറന്നു, എന്താണെന്ന് അന്വേഷിച്ചു. ആ ചെറുപ്പക്കാരൻ പറഞ്ഞു തൊട്ടപ്പുറത്തെ പാടത്ത് വെള്ളം കയറിയിരിക്കുന്ന എന്റെ വീട്ടിൽ ഒരു രോഗിയുണ്ട് തൊട്ടപ്പുറത്തെ വീട്ടിലേക്ക് മാറ്റണം

എന്ന് എന്റെ പിതാവ് ഒരു ഓട്ടോഡ്രൈവറാണ്.
ആ രാത്രിയിൽ ഞങ്ങൾക്ക് ഉറക്കം വന്നില്ല.
നേരം വെളുത്തു വെള്ളം റോഡിലേക്ക്
കയറിത്തുടങ്ങി ,ആളുകൾ ഓരോരുത്തരും
വീടിന് 1/2 കി.മി കഴിഞ്ഞ് ഒരു നേഴ്സിങ്ങ്
കോളേജുണ്ട് അങ്ങോട്ടു പോയിതുടങ്ങി.ഞങ്ങൾ
തൊട്ടപ്പുറത്തെ രണ്ട്നിലയുള്ള വീട്ടിലെ
അയൽക്കാരോട് ഇക്കാര്യം ധരിപ്പിച്ചു.അവർ
പ്രശ്നമില്ല എന്ന മട്ടിൽ നിന്നു.ഞങ്ങൾ പല
ആവർത്തി പറഞ്ഞുനോക്കി. അവർ അത്
അംഗീകരിച്ചില്ല.ഞങ്ങൾ വീട്പൂട്ടി
അത്യാവശ്യമുള്ള ബുക്കുകളും,ബാഗും,ഡ്രസ്സുകളും
മുകളിൽ ഒരുകണക്കിന് കയറ്റിവച്ചിട്ട്
ക്യാമ്പിലേക്ക് പോയി.നാല് നിലയുള്ള നേഴ്സിംഗ്
കോളേജിലെ ക്യാമ്പിൽ ആ നാട്ടിലെ മുഴുവൻ
ജനങ്ങളും ഉണ്ടായിരുന്നു.ആദ്യ നാലു ദിനസം
ഒരുപാട് ബുദ്ധിമുട്ടായിരുന്നു.ഭക്ഷണംപോലും
കിട്ടാതെ കഴിച്ചുകൂട്ടി.ക്യാമ്പിലുള്ള ദിനങ്ങൾ

അങ്ങനെ നീണ്ടു.പക്ഷേ ഞങ്ങളുടെ
അയൽപക്കക്കാർ അവിടെ അവരുടെ വീട്ടിൽ
കുടുങ്ങി .വെള്ളം അവരുടെ ഒന്നാം നിലയും
മുക്കി. അവർ ആ വീട്ടിൽ ഒറ്റപ്പെട്ടു,അലമുറയിട്ടു
കരഞ്ഞു. നാവികസേന പലതവണ
രക്ഷപ്പെടുത്താൻ പല തവണ
ശ്രമിച്ചു,നടന്നില്ല.അവസാനം അവരെ
ബോട്ടുക്കാർ രക്ഷപ്പെടുത്തി കൊണ്ടുപോയി.
ദിവസങ്ങൾക്കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തിയ
ഞങ്ങൾക്ക് വീടിന്റെ അവസ്ഥ കണ്ടപ്പോൾ
സങ്കടം തോന്നി.എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു.
എന്റെ സ്കൂൾ ജീവിതത്തിൽ കിട്ടിയ
വിലപ്പെട്ടതെല്ലാം എനിക്ക്
നഷ്ടപ്പെട്ടു,പുസ്തകങ്ങളും
ബാഗും മറ്റും.എനിക്ക് സങ്കടം വന്നു.വീട്ടിലെ
പ്രശ്നങ്ങളും പ്രാരാബ്ധങ്ങളുംഎനിക
അറിയാം.പുസ്തകങ്ങളെല്ലാം ഉണക്കിയെടുത്ത്
ഒരുവിധം വീടെല്ലാം വൃത്തിയാക്കി,തിരിച്ച്

വീണ്ടും പഴയജീവിതത്തിലേക്കുള്ള മടക്കയാത്ര സ്വപ്നംകണ്ട് പിന്നീടുള്ള രാത്രികൾ സുഖമായുറങ്ങി.

(ഏത് തോൽവിയിലും പതറാതെ മുന്നേറി ജയം നേടാൻ ശ്രമിക്കുക അതാണ് ജീവിതം)

റുക്സാന.പി.ബി
X A

# അമ്മയുടെ മഹത്വം

ഓരോ കുഞ്ഞുങ്ങൾക്കും ജനനം നൽകുന്ന ഒരു സ്നേഹതിടമ്പാണ് അമ്മ.അവരുടെ ജീവിതത്തേ-ക്കാൾ അവരുടെ മക്കളുടെ ജീവിതം സന്തോഷപ്ര-ദമാക്കാനാണ് അവർക്ക് ഇഷ്ടം.അമ്മ ഉണ്ടില്ലെങ്കിലും അവരുടെ മക്കൾ കഴിക്കണം.മക്കൾ ഒന്നു വീണാൽ, ഒന്നു പിണങ്ങിയാൽ അമ്മയുടെ മനസ്സിൽ
തീയാണ്.മക്കളെ ഒന്നു കണ്ടില്ലെങ്കിൽ അമ്മയിൽ നിന്ന് ഒഴുകും ഒരു കണ്ണീര്.മക്കൾ എന്ത് തെറ്റ് ചെയ്താലും ക്ഷമിക്കുന്ന ഒരാൾ അമ്മയാണ്.

അമ്മയില്ലാത്ത ജീവിതം എനിക്ക് ആലോചിക്കാൻ വയ്യ.അച്ഛനേക്കാൾ നമ്മോട് അടുത്ത് നിൽക്കുന്നത് അമ്മയാണ്.എന്നും അച്ഛൻ അടിക്കുമ്പോൾ
അമ്മ വരും തടുക്കാൻ.
എല്ലാവരും പറയാറുള്ള ഒരു കാര്യമാണ് അമ്മയുടെ ഭക്ഷണത്തിന്റെ രുചി ഒരു ഹോട്ടലിലും ലഭിക്കില്ല. അമ്മ ഉണ്ടാക്കുന്ന ഭക്ഷണത്തിന് ഒരു പ്രത്യേക രുചിതന്നെയാണ്.ഒരിക്കലും അമ്മമാർ മക്കളെ വെറുക്കില്ല.എന്നും അവർ നമ്മളെ അനുഗ്രഹിക്കും.

# കാലം

എന്റെ വേദനകൾക്കിടയിൽ
നഷ്ടപ്പെട്ട സ്വപ്നങ്ങൾക്കിടയിൽ
ഒരുതരി വെളിച്ചംപോലെ....
ഒരുതരി നീരുറവപോലെ
അവൾ മന്ദം മന്ദം ഒഴുകിവന്നു
ഞാൻ അപ്പോൾ ഒരുപാട് ആഹ്ളാദിക്കുകയും
അഹങ്കരിക്കുകയും ചെയ്തു
എന്റെ ജീവിതത്തിന്റെ ആ അസുലഭമായ
നിമിഷങ്ങളിൽ
കാലമോ നിന്നെ ഞാൻ മറന്നിരുന്നു .
ഒരുപക്ഷേ നീയും എന്നെ വിചാരിച്ചിരുന്നു

എന്നാൽ എന്റെ വിചാരവീഥികളെ
മുറിച്ചുകൊണ്ട് നീ എന്റെ പുറകെ
ഉണ്ടായിരുന്നുവോ

കാലമേ ഞാൻ അറിയുന്ന നിന്റെ വിക്രൃതി!

ഞാൻ നിന്നെ സ്നേഹിച്ചിരുന്നുവോ അറിയില്ല.
ഇലകൾ കൊഴിയുന്നതുപോലെ
നീ എത്രവേഗമാണ് ജീവിതത്തെ മാറ്റിമറിച്ചത്
എന്റെ സന്തോഷങ്ങളെ സന്താപങ്ങളാക്കിയത്
എങ്കിലും ഞാൻ പ്രതീക്ഷീക്കുന്നു
എന്നെങ്കിലും ഞാൻ വിജയം കൈവരിക്കുമെന്ന്
എങ്കിലും എന്റെ മനസ്സ് പറയുന്നു
കാലമേ നീ എങ്ങോട്ട് ?ഞാനും
അങ്ങോട്ടുതന്നെ......

-സംഗീത

# മഹാമാരിയും മഹാപ്രളയവും



നഷ്ടങ്ങളും ദുരിതങ്ങളും വിതച്ച് ആ ജല പ്രളയം കടന്നു പോയെങ്കിലും അതൊടൊപ്പം നമുക്ക് കാണാനും അനുഭവിക്കാനും

കഴിഞ്ഞത്  ഒരു സ്നേഹപ്രവാഹം

തന്നെയായിരുന്നു.സ്നേഹത്തി-
ന്റെയും സേവനത്തിന്റെയും ഒരു പ്രളയം തന്നെയായിരുന്നു അത്
അതിന് അവസരമൊരുക്കിയത്  മഹാമാരിയും തുടർന്നുണ്ടായ

മഹാ ജലപ്രളയവും ! മനുഷര്യരിലെ 'മനുഷ്യൻ' ഉണർന്നു പ്രവർ

ത്തിച്ച അമൂല്യ നിമിഷങ്ങൾ! അനുഗ്രഹീത

ദിനങ്ങൾ ! തന്റെ പുറം ചവിട്ടുപടിയായി

കൊടുത്ത ചെറുപ്പക്കാരനെയും വൃദ്ധരായവരെ

തോളിലേറ്റി ചുമന്ന് സുരക്ഷിത സ്ഥാനത്ത

എത്തി

ക്കുന്നവരെയും നാം കണ്ടു .ഏതൊരു സഹായവും

ചെയ്യാൻ സന്ന

ദ്ധരായ സൈനികരും സന്നദ്ധ സംഘടനകളും

മത്സ്യത്തൊഴിലാളികളും !ക്യാമ്പുകളിൽ രാപകൽ

സേവനം ചെയ്ത എത്രയെത്ര

സുമനസ്സുകൾ ! ജീവരക്ഷാ പ്രവർത്തനങ്ങളും

ജീവരക്ഷാ പ്രർത്ത-കരും!!

നാട്ടിലുംനിന്നും അന്യദേശങ്ങളിൽനിന്നും

എത്ര എത്ര സഹായങ്ങൾ നമുക്ക് കിട്ടി . ഈ

ജലപ്രളയത്തെ സ്നേഹപ്രളയം കൊണ്ടും

നേരിടാൻ സഹായസന്നദ്ധരായ എല്ലാവർക്കും

അഭിനന്ദനങ്ങളും ദൈവനുഗ്രഹവുംനേരുന്നു.......

# നൊമ്പരം

ഒരു പ്രഹരവും എന്നെ കരയിപ്പിച്ചില്ല-
ഒരു വേദനയും എന്റെ കണ്ണുകളിൽ
മഴയായി പെയ്തിറങ്ങിയില്ല
ഗദ്ഗദങ്ങൾ ഉള്ളിലിരുൾപൊട്ടിയപ്പോൾ
പൊട്ടിച്ചിരിക്കാൻ കൊതിച്ചു ഞാൻ
അട്ടഹസിക്കുമ്പോൾ പഠിപ്പിച്ചു ഞാനെന്റെ
മനസ്സിനെ -
ഓരോ സ്നേഹവും വിങ്ങലായി മാറിയപ്പോൾ
ഓരോരുത്തരും മാറിമാറി വേദനിപ്പിച്ചപ്പോൾ
ഒറ്റക്കിരുന്നു ചിരിച്ചു ഞാൻ
സ്വപ്നത്തിലെ പൂത്ത മരങ്ങൾ വെന്ത്
കരിഞ്ഞുനിന്നപ്പോൾ
ഒറ്റയടിപ്പാതയിൽ കാലിടറിയപ്പോൾ
വെറുതെ ചിരിച്ചു ഞാൻ

എന്നിട്ടും തലോടുമെന്നാശിച്ച കൈവിരലുകൾ
കല്ലെരിഞ്ഞപ്പോൾ എന്തെന്നറിയില്ല
ചിരിക്കാൻ മറഞ്ഞുപോയി ഞാൻ ...

- സഹന ടി എസ്

# പിരിയേണ്ടിവരുന്ന സൗഹൃദം



കാലം നമ്മളെ പരസ്പരം

പരിചയപ്പെടുത്തി........

അതിലൂടെ നമ്മൾ പരസ്പരം അറിഞ്ഞു,

മനസ്സിലാക്കി.......

അടുത്തു ..... സുഹൃത്തുക്കളായി..... സൗഹൃദം

പങ്കുവച്ചു....

എന്നാൽ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു,

എത്ര നാൾ ......?

എത്രനാൾ നമ്മൾ ഒരുമിച്ചുണ്ടാകുമെന്ന് .....?

പിരിയും ഒരുനാൾ

നമ്മൾ എല്ലാവരും .....

പിരിയണം .....!!!,

അകലണം.......!!!

അത് കാലത്തിന്റെ തീരുമാനം ....

ആവേർപാടിന്റെ ദുഖത്തിൽ നാം ഓർക്കും

എന്തിനു നാം ഇത്രയും അടുത്തുവെന്ന്

മനസ്സിലാക്കിയെന്ന്

ഇതൊക്കെ ജീവിതത്തിന്റെ ഭാഗമെന്ന്

വിശ്വസിക്കുമ്പോഴും

ആ വേർപാടിന്റെ സങ്കടം

ഓർത്തുപോകുകയാണ്.........

കഴിയുമോ അന്ന് , നമുക്കത് സഹിക്കാൻ....??

എങ്കിലും നാളെയുടെ ജീവിതത്തിൽ

ഓർക്കാനും ഓർമ്മിച്ചെടുക്കാനും

ഓർമ്മയിൽ സൂക്ഷിക്കാനും

ഇന്ന് നമ്മൾ ജീവിക്കുന്നു...

സുഹ്രുത്തുക്കളായി....

സൗഹ്രദ നിമിഷങ്ങളായി....

പിരിയേണ്ടിവരുന്ന സൗഹ്രദം!!!

ജീവിതത്തിൽ മാറ്റാൻ കഴിയാത്ത,

ഏറ്റവും സുന്ദരവും ആത്മാർത്തവുമായ

മനസ്സിന്റെ വേദന.....!!!

# കളിക്കളം

കളിക്കളം! എൻ ജീവിതത്തിലെ
ഏറ്റവും ദിവ്യമാം വിദ്യാലയം
ഞാൻ ഓടാൻ പഠിച്ചു,
എന്നെ കളിക്കാൻ പഠിപ്പിച്ചു,
വീഴ്ചകളിൽ നിന്നുയർത്തെഴുന്നേൽ -
ക്കാൻ പഠിപ്പിച്ചു,
എന്നെ ഞാനാക്കിയ ,എനിയ്ക്കേ -
റ്റവും പ്രിയമാം കളിക്കളം.

തോൽവിയെ ഭയക്കാതെ ,

പൊരുതി വിജയിക്കുവാൻ

എൻ മനസ്സിനെ പാകപ്പെടുത്തിയൊ -

രെൻ പ്രിയ കളിക്കളം.

തോൽവി ഒന്നിനുമന്ത്യമല്ലെന്നും

അത് ,വിജയ മധുരത്തിനു

മുൻപുള്ള ചെറു ചവർപ്പാണെന്നു -

മെന്നെ പഠിപ്പിച്ചോരെൻ പ്രിയ കളക്കളം .

# യോഗ ജീവിത വിജയത്തിന്

ശാസ്ത്രം ഏറെ പുരോഗമിച്ചങ്കിലും പണ്ഡിതന്മാർപോലും ഭാവിയെക്കുറിച്ച് ആശങ്കാകുലരാണ് ഭൗതിക ഭൗന്നത്യത്തിലെത്തിയ പല ചില്ലുകൊട്ടാരങ്ങളും തകർന്ന് വീഴുന്നത് ഈ നൂറ്റാണ്ടിൽ നാം കണ്ടു . സ്വാർത്ഥതയുടെ കുത്തൊഴുക്കിൽപ്പെട്ട ലോകത്തിന് ആദ്ധ്യാത്മിക പുരോഗതി കൈവരിക്കാൻ ഭാരതം ലോകത്തിന് നൽകിയ മഹത്തായ സമഭാവനയാണ് യോഗശാസ്ത്രം . ആയുർദൈർഘ്യത്തിനും വികാരോദ്വോഗങ്ങളുടെ ക്രമീകരണത്തിനും മനസ്സിന്റെയും ബുദ്ധിയുടെയും തെളിമയ്ക്കും ആത്മപ്രകാശത്തിനും ഏതു പ്രായത്തിലും യോഗ വിശ്വസ്ഥനായ സുഹൃത്തും വഴികാട്ടിയുമാണ്.

ഭൗതീക ലോകത്തിൽ നിന്ന്

ആത്മീയ ലോകവുമായി മനുഷ്യരെ യോജിപ്പിക്കുന്ന പ്രക്രിയയാണ് യോഗ അഥവാ യോഗം. ജീവാത്മാവും പരാത്മാവും തമ്മിലുള്ള സംയോഗമാണ് യോഗം എന്ന് യാജ്ഞവൽക്യസംഹിതയിൽ പറയുന്നു. യോഗ വെറുമൊരു ശാരീരികാഭ്യാസമോ രോഗ നിവാരണത്തിനുള്ള ചികിത്സാസമ്പ്രദായമോ, സന്യാസിമാരുടെ മാത്രം ജീവിതചര്യയോ , ഹിന്ദുമതാചാര അനുഷ്ഠാനമോ മാത്രമല്ല മറിച്ച് വിശാലവും വിപുലവുമായ ഒരു ഭാരതീയ ശാസ്ത്ര ശാഖയാണ് .

## യോഗ എന്ന ശബ്ദം

സംസ്കൃത്തതലെ യുജ് എന്ന സംസ്കൃത ധാതുവിൽ നിന്ന് ഉണ്ടായതാണ്. ഇതിന്റെ അർത്ഥം കൂട്ടിയോജിപ്പിക്കുക എന്നതാണ് . ഓരോ ജീവനിലും ദിവ്യത്വം അന്തർലീനമായിരിക്കുന്നു. ഈ ദിവ്യത്വത്തെ ബഹിരാവിഷ്ക്കരിക്കുക

എന്നതാണ് ജീവിതലക്ഷ്യം. ഹോയം ദുഖമനംഗതം വരാനിരിക്കുന്നതും വന്നെെത്തിയിട്ടില്ലാത്തതുമായ ദുഖങ്ങളെ ഒഴിവാക്കുക. ഇതാണ് യോഗ ശാസ്ത്രം അനുസ്മരിക്കുന്നത്.

# വേദനിപ്പിക്കുന്ന എന്റെ ഓർമ്മകൾ

പണ്ട് പണ്ട് വളരെ പണ്ട് ഞാൻ ഒന്നിൽ പഠിക്കുമ്പോൾ ഞാൻ ആദ്യത്തെ ദിവസം എന്റെ അമ്മ എന്നെ കൊണ്ടന്നാക്കി വളരെ അധികം ദുഖത്തിലായിരുന്നു അവർ എന്നോട് എന്തെക്കിലും ചോദിക്കുമൊ എന്നുള്ള ഭയം അമ്മ എന്നെ ആക്കീട്ട് പോയി വളരെ അധികം ഞാൻ കരഞ്ഞു പകേഷ ആരും എന്റെ കരച്ചിൽ കാണുവാൻ ഉണ്ടായിരുന്നില്ല പിന്നീട് എന്നെ നോക്കുവാൻ ആരും ഉണ്ടായിരുന്നില്ല അത് വളരെ അധികം എന്നെ വേദനിപ്പിച്ചു അച്ഛനും അമ്മയും ഞാൻ ഉണരുന്നതിന് മുമ്പ് തന്നെ പോകും ഞാൻ ഉറങ്ങുന്നതിന് മുമ്പ് അവർ വരില്ലായിരുന്നു എന്റെ ഇഷ്ട്ടത്തിന് വിട്ടിരുന്നു ഒരോ ക്ലാസ്സിലും ഞാൻ അങ്ങനെ പോയി ചെറുപ്പം മുതലെ ഞാൻ ഫ്രണ്ട്സിൻ ഒപ്പം കറങ്ങാൻ പോയി എല്ലാവരും പറയുമായിരുന്നു ഞാൻ കാണാത്ത ഒരു ജില്ലകളും ഇല്ലെന്ന് വലുതായി വരും തോറും എന്റെ വികൃതികളും കൂടി വന്നു വലുതായപ്പൊ കൂട്ടുകാരോടൊപ്പം സംസ്ഥാനങ്ങളിൽ പോയി തുടങ്ങി രണ്ട് ദിവസം കഴിയുമ്പോഴായിരിക്കും എന്റെ മാതാപിതാക്കൾ അറിയുന്നത് ഞാൻ

വീട്ടിലില്ലെന്ന് ,പക്ഷേ അന്വേഷിക്കാറില്ല.എന്റെ മാതാപിതാക്കൾക്ക് ഒരിക്കലും എന്റെ കാര്യങ്ങൾ നോക്കാൻ സമയമുണ്ടായിരുന്നില്ല.എന്നെ കല്യാണം കഴിപ്പിച്ചുവിട്ടു.വളരെ അധികം ധനവാനുമായാണ് എന്റെ കല്യാണം നടന്നത്.അതും എന്റെ ഇഷ്ടപ്രകാരം ആയിരുന്നു.എനിക്ക് അധികം നാളുകൾ കഴിയുന്നതിന് മുമ്പ തന്നെ രണ്ട് പെൺകുട്ടികൾ ഉണ്ടായി.അവർ രണ്ടുപേരും ഇരട്ടക്കുട്ടികളായിരുന്നു. എനിക്ക് ഒരിക്കലും അവരെ നോക്കാൻ സമയം ഒട്ടും ഉണ്ടായിരുന്നില്ല.വീട്ടിലെ അമ്മയുമായി അവർ എപ്പോഴും വഴക്കുണ്ടാക്കുമായിരുന്നു.അവരുടെ അച്ഛനാണെങ്കിൽ ഒന്നിനും സമയമില്ല.എല്ലാവരോടും തർക്കുത്തരം പറഞ്ഞുകൊണ്ടിരിക്കും.രണ്ടുപേരുടേയും ശല്യം സഹിക്കാനാവില്ല എന്നു പറഞ്ഞ് അമ്മ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയി.കുട്ടികളെ നോക്കനായി ഞാൻ ഒരു ജോലിക്കാരിയെ നിർത്തി.എന്താ കാര്യം,എരു മാസം പോലും അവരെ വീട്ടിൽ നിർത്തിയില്ല.കുറച്ചുനാൾ കഴിഞ്ഞു,അവർ വളരെ അധികം വളർന്നു.കുറച്ചു നാൾ കഴിഞ്ഞപ്പോൾ അവരും ആണുങ്ങളുടെ കൂടെ പോവാൻ തുടങ്ങി.വളരെ അധികം ഞാൻ ദു:ഖിച്ചു.ഇപ്പോൾ എനിക്ക് മനസ്സിലാവുന്നുണ്ട്.അപ്പോൾ എന്റെ അമ്മ എന്നോട് പറയുമായിരുന്നു,നിനക്കും മക്കളുണ്ടാകും അപ്പോൾ നീയും പഠിക്കും അമ്മമാരുടെ വില.

എനിക്ക് ഇപ്പോൾ മനസ്സിലാവുന്നുണ്ട്.

"മുതിർന്നവരുടെ വാക്കും മുതുനെല്ലിക്കയും,

ആദ്യം കയ്ക്കും പിന്നെ മധുരിക്കും.”

“അമ്മയാണ് വലിയ ശക്തി.”

ഞാൻ ഇന്നോർത്തത് എന്റെ മക്കളും ഒരുനാൾ ഓർക്കാൻ ഇടയാവും. അമ്മയുടെ വേദന മറ്റൊരു അമ്മക്കെ മനസ്സിലാവുകയൊള്ളു.

# ഗുരു ശിഷ്യ ബന്ധം

'ഗു' എന്ന ശബ്ദം കൊണ്ട് അർത്ഥമാക്കുന്നത് 'ഇരുട്ട്'.'രു' എന്ന ശബ്ദം കൊണ്ട് അർത്ഥമാക്കുന്നത് 'അകറ്റുന്നത് '.അപ്പോൾ 'ഗുരു ' എന്ന വാക്കിനർത്ഥം 'ഇരുട്ടിനെ അകറ്റുന്നവൻ ' എന്നാകുന്നു.അജ്ഞതയാകുന്ന അന്ധകാരത്തെ അകറ്റി അവിടെ അറിവിന്റെ വെളിച്ചം നിറയ്ക്കുന്നവനാണ് എന്നർത്ഥം.ഒരുകാലത്ത് ഇത് പൂർണമായ അർത്ഥത്തിൽ തന്നെയായിരുന്നു.പണ്ടുകാലത്ത് ഗുരുവിന്റെ വസതിയിൽ താമസിച്ചാണ് ശിഷ്യർ

വിദ്യ അഭ്യസിച്ചിരുന്നത്.അന്ന് വിദ്യ പകർന്നുകിട്ടുന്നതിന് മറ്റു വഴികൾ ഇല്ലായിരുന്നു.

എന്നാൽ,ഇന്ന് ഗുരുവിൽ നിന്ന് മാത്രമല്ല നമുക്ക് അറിവ് ലഭിക്കുന്നത് .ഇന്ന് ലോകത്തിലെ അറിവുകൾ മുഴുവനും ഒരു വിരൽത്തുമ്പിൽ സാദ്ധ്യമാകുന്ന അവസ്ഥയിലാണ് നമ്മൾ എത്തിനിൽക്കുന്നത്. അതുകൊണ്ടുതന്നെ ഗുരുശിഷ്യ ബന്ധത്തിനും പഴയ ഊഷ്മളത ഇല്ലെന്ന് പറയാം. എങ്കിലും നമ്മൾ അറിഞ്ഞിരിക്കേണ്ട ഒരു കാര്യമുണ്ട്. ഗുരുവിന്റെ മുഖത്തുനിന്നും നമ്മൾ ഗ്രഹിക്കുന്ന കാര്യങ്ങൾ നമ്മുടെ ഓർമ്മയുടെ മണ്ഡലത്തിൽ ആഴത്തിൽ പതിക്കുന്നതാണ്. വായനയിലൂടെയോ ഇന്റർനെറ്റ് വഴിയോ തേടുന്ന അറിവുകൾ ഇത്തരത്തിൽ പതിയണമെന്നില്ല.

പഴയകാലത്ത് ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം 'ഗുരു' എല്ലാമായിരുന്നു.അതുകൊണ്ടാണല്ലോ

'ഏകലവ്യൻ' ഗുരുദക്ഷിണയായി തന്റെ പെരുവിരൽ തന്നെ മുറിച്ചുനൽകിയത്. എന്നാൽ ഇന്ന് ഗുരുബന്ധത്തിലെ ഇഴയടുപ്പം വളരെ കുറവാണെന്ന് കാണാം. ഇതിനു തെളിവാണ് നാം ഇന്നു കാണുന്ന പത്രവാർത്തകൾ. ഗുരുവിന് ശിഷ്യരോടുള്ള ശിക്ഷാനടപടികളിൽ മാറ്റം വന്നിരിക്കുന്നു. ഗുരുവിന്റെ ശിഷ്യരോടുള്ള സമീപനരീതികൾ തന്നെ മാറിയിരിക്കുന്ന തരത്തിലുള്ള വാർത്തകളും നമ്മൾ പത്രത്തിൽ വായിച്ച് മറക്കാറുണ്ട്. പണ്ടുകാലത്ത് ഗുരുശിഷ്യന് ഒരു ശിക്ഷ വിധിച്ചാൽ അത് എന്തിനെന്നുപോലും ചോദിക്കാതെ ശിരസ്സാ വഹിക്കുമായിരുന്നെങ്കിൽ ഇന്നത്തെ തലമുറ അദ്ധ്യാപകരെ ചോദ്യം ചെയ്യുന്ന തലത്തിൽ എത്തിനില്ക്കുന്നു കാര്യങ്ങൾ.

ശാസ്ത്രലോകം അതിവേഗം വഴർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ , ഒരുകാലത്ത് 'ഗുരു' എല്ലാമായിരുന്നെങ്കിൽ ഇന്ന് ഗുരുവിന്റ സ്ഥാനം പിന്നിലേക്ക് മാറിയിരിക്കുന്നു.

ശിഷ്യന്റെ സ്ഥാനം മുന്നിലേക്കും മാറിയിരിക്കുന്നു. ഗുരു ശിഷ്യന് ഒരു സഹായി മാത്രമായി മാറിയിരിക്കുകയാണ്. തത്ഫലമായി ഗുരുവിനെ ബഹുമാനിച്ചിരുന്ന തലമുറകൾ മൺമറയുന്നു. ഇന്ന് അദ്ധ്യാപകർ വിദ്യാർത്ഥികൾക്ക് ഒരു വഴികാട്ടി മാത്രമായി ചുരുങ്ങുന്നു. അറിവുകൾ വിദ്ധ്യാർത്ഥികൾ പല രീതിയിൽ നേടുന്നു. അതുകൊണ്ടുതന്നെ ഗുരു ശിഷ്യബന്ധത്തിൽ തീവ്രത

കുറയുന്നു.

# മാതാവ്

അന്ത്യമാം സന്ധ്യയിൽ രാവിൽ പുറകെ
അമ്പിളി അമ്മാവൻ എത്തും നേരം
അമ്മതൻ മടിയിലായ് ഉമ്മറ തിണ്ണയിൽ
കഥകൾ കേട്ടങ്ങ് നിദ്ര പൂണ്ടു

കാലത്തെ നേരത്തെ കുളിയും കഴിഞ്ഞ്
ഈറൻ മുടിയിൽ തുളസിയും ചൂടി
പാചകപ്പുരയിലായ് തീയും കൊളുത്തി
നാഥയായ് നിന്നവൾ എൻ ഗൃഹത്തിൽ

രാത്രിയുടെ ലാളനക്കായ് തുടരണം മുമ്പേ

ക്ഷീണിതയായവയൾ വലഞ്ഞിടുന്നു .

അമ്മയായ് ,ഭാര്യയായ് വേഷം ധരിച്ചവൾ

ആരണ്യ സുന്ദരി ,അശോക സുന്ദരി

എന്നമ്മ പാടുന്ന പാട്ടുകൾ കേട്ടുഞാൻ

എന്തെന്നറിയാതെ ഉറങ്ങിടുന്നു .

-ഐഷ അഫ്നാൻ

# തൃശ്ശൂർ പൂരം



'പൂരങ്ങളുടെ പൂരം'എന്നാണ് തൃശ്ശൂർ പൂരം അറിയപ്പെടുന്നത്.തൃശ്ശൂർ ജില്ലയിലെ വടക്കുന്നാഥക്ഷേത്രാങ്കണത്തിലുള്ള തേക്കിൻകാട് മൈതാനത്ത് മേടമാസത്തിലെ പൂരംനാളിലാണ് ഈ

ഉത്സവം  നടക്കുന്നത്. പൂരംനാളിൽ
രാവിലെ  തിരുവമ്പാടി
ശ്രീകൃഷ്ണക്ഷേത്രത്തിൽ  മുഴങ്ങുന്ന  കതിന
വെടിയോടെ പൂരച്ചടങ്ങുകൾ
ആരംഭിക്കും.പതിനഞ്ച്ആനകൾ
തിരുവമ്പാടി   ക്ഷേത്രത്തിന്  പ്രദക്ഷിണം
വച്ച്  ഘോഷയാത്രയായി
വടക്കുനാഥക്ഷേത്രത്തിനുള്ളിൽക്കൂടി
ക്ഷേത്രത്തിന്റെ ഒരു വശത്തായി
അണിനിരക്കുന്നു. പ്രധാന ആനയുടെ
പുറത്ത് ശ്രീകൃഷ്ണരൂപം കൊത്തിയ തിടമ്പും
കാണും.അതേസമയം പതിനഞ്ച് ആനകൾ
അടങ്ങിയ മറ്റൊരു സംഘം പാറമേക്കാവ്
ക്ഷേത്രത്തിൽ നിന്ന് തിരിച്ച്
മൈതാനത്തിന്റെ  എതിർ ദിശയിൽ
ആദ്യസംഘത്തിന് അഭിമുഖമായി

അണിനിരക്കുന്നു .ഈ സംഘത്തെ നയിക്കുന്ന ആനയുടെ പുറത്ത് ദേവിയുടെ വിഗ്രഹം അടങ്ങിയ തിടമ്പ് ഉണ്ടായിരിക്കും. ആനകൾ അണിനിരന്നുകഴിഞ്ഞാൽ പാണ്ടിമേളം,പഞ്ചാരി എന്നിവ ആരംഭിക്കുന്നു.മത്സരബുദ്ധിയോടെ അവതരിപ്പിക്കുന്ന മേളത്തിൽ എൺപതോളം ചെണ്ടക്കാരെ കൂടാതെ തിമില,കൊമ്പ്,കുഴൽ,ഇലത്താളം,ശംഖ് എന്നീ വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരും ഉണ്ടാകും.വടക്കുന്നാഥക്ഷേത്ര പരിസരത്തുള്ള ഇലഞ്ഞിയുടെ ചുവട്ടിൽ പ്രസിദ്ധമായ ഇലഞ്ഞിത്തറമേളം ഉച്ചയ്ക്ക് ആരംഭിച്ച് അരങ്ങു തകർക്കുന്നു.ആനപ്പുറത്ത്

ആലവട്ടം,വെഞ്ചാമരം എന്നിവ
പിടിക്കുന്നവരും മുത്തുക്കുട ഏന്തിയവരും
നിലയുറപ്പിക്കും.സന്ധ്യയാകുമ്പോൾ
കുടമാറ്റം ആരംഭിക്കുകയായി.വിവിധ
വർണ്ണങ്ങളിലുള്ളതും മനോഹരങ്ങളുമായ
കുടകൾ കലാബോധത്തോടെ മാറ്റിമാറ്റി
ഇരുവശക്കാരും വർണ്ണങ്ങളുടെ
മായാപ്രപഞ്ചംതന്നെ
സൃഷ്ടിക്കുന്നു.ശേഷം,ആനകൾ ശ്രീ
കോവിലിലേക്ക് തിരികെ പോവുകയും
തിടമ്പുകൾ തിരികെ വയ്ക്കുകയും
ചെയ്യുന്നു.പിറ്റേദിവസവും ചെറിയ
രീതിയിലുള്ള എഴുന്നള്ളിപ്പും കുടമാറ്റവും
കാണും. ഉച്ചയ്ക്ക് ഏകദേശം
രണ്ടുമണിയോടെ പൂരച്ചടങ്ങുകൾ
അവസാനിക്കുന്നു.

# പൂക്കളും കുട്ടികളും



പൂവിനും ചുറ്റും മുത്തിമണക്കാരൻ
വണ്ടുകൾ പാറിവരുന്നുണ്ട്
പൂവ് പറിക്കാൻ പൂന്തേൻ നുകരാൻ
കുട്ടികൾ ഓടി വരുന്നുണ്ട്

പാട്ടിന് പൊയൊരു കാറ്റും വന്ന്
കൗതുകം കാട്ടിച്ചിരിക്കുന്നേ
കാറ്റും വെച്ചും പുഞ്ചിരിതൂകിയും

# പൂവിന് ചന്തം വിരിയുന്നേ

ചെണ്ണ് പാകിയ മുറ്റത്ത് നല്ലൊരു
പൂവ് പിറന്ന് കളിക്കുന്നേ
മുത്തശ്ശി പൂവിനൊരു കൊടുത്തപ്പോൾ
മുക്കറ്റി നിന്നു ചിരിക്കുന്നേ

തുമ്പ, തുളസിയും നന്ത്യാർവെട്ടവും
വാനിൽ പരിമളം തുകുന്നേ
ആകാശച്ചങ്ങാതി നകഷത്രക്കുഞ്ഞുങ്ങൾ
മിന്നിമിന്നിച്ചിരിച്ചാടുന്നേ......

# എന്റെ സൂര്യന്

ശ്രീ
സൂര്യൻ
ഓരോ നിമിഷവും നീ ജ്വലിക്കുന്നു

നിന്റെ ജ്വാലയെ ഹൃദയത്തിലേറ്റുവാങ്ങി-
യപ്പോൾനീറിയ കുന്തിയുടെ മാതൃഹൃദയം
പിതാവാരന്നറിയാതെ ദാനധർമ്മാദികളെ
പുണർന്ന കർണ്ണന്റെ തപ്തമാം പുത്രഹൃദയം
എല്ലാം നീ നീറ്റിയ ഹൃദയങ്ങൾ

നിന്റെ വേദനകളെ മറക്കുവാൻ അസ്തമയ-
വേളയിൽ ചക്രവാളങ്ങളെ നീ അഗ്നിയിൽ
പുണരുന്നു
നിറഞ്ഞൊഴികിയ ചുറ്റുനിന്നും
അന്തിച്ചുവപ്പായി കത്തി ജ്വലിക്കുന്നു
കുട്ടിയും കുറച്ചും ഗുണിച്ചും ഹരിച്ചും ഞാൻ
നിന്നെ ന്യായികരിക്കാൻ ശ്രമിക്കുന്നു

പക്ഷെ,

ദു:ഖങ്ങളല്ലാതെ നിയെന്താണ് നിന്നെ

സ്നേഹിച്ചവർക്കായി നൽകിയിട്ടുള്ളത് ?

# പ്രകൃതി



പച്ചപ്പട്ടുപാവാടയുടുത്ത പ്രകൃതി
നിൻ മടിയിലുറങ്ങുമോമനയാ-
മൊരു പൈതൽ ഞാൻ
നിൻ ചുടുനിശ്വാസം എന്നിൽ
പൂനിലാവുപോലെ പൊഴിയട്ടെ
നിൻ ഓർമ്മയെന്നുള്ളിൽ
പൂക്കൾ പോൽ വിടരുന്നു

നിൻ കുളിരിനായി കൈനീട്ടുന്നു ഞാൻ
കതോർക്കുന്നു ഞാൻ നിൻ വിളിക്കായി
നിൻ മൗനമോ സത്യം
നിൻ തളിർപച്ചയെന്നിൽ
വനപ്പച്ചയായി വിരിഞ്ഞു
നീയെൻ മനസ്സിൽ
മായയായി വന്നു
നീയെൻ മനസ്സിൽ
ജാലകമായി മാറി
നീയെൻ മനമറിയും
സഖീ പ്രകൃതീശ്വരീ.....
എൻ പ്രാണേശ്വരീ.....

# കേരളത്തിന്റെ കലകൾ

നവംബർ 1 കേരളപ്പിറവി ദിനമാണ്. 1956 നവംബർ ഒന്നിനാണ് നമ്മുടെ സംസ്ഥാനം നിലവിൽ വന്നത്. സ്കൂൾ പഠനത്തിന് ആവശ്യമായ കേരളീയ കലകളെക്കുറിച്ച് ഇവിടെ പരിചയപ്പെടാം.

വൈവിധ്യമാർന്ന നിരവധി കലാരൂപങ്ങൾ കേരളത്തിലുണ്ട്. കേരളത്തിന്റെ തനതായ കലാരൂപങ്ങളായ കളമെഴുത്ത, ക്ഷേത്രകലകൾ, കഥകളി, മോഹിനിയാട്ടം, കേരള നടനം, തുള്ളൽ, തിറയാട്ടം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. ചുമർചിത്രകല,

ചിത്രകല, കഥാപ്രസംഗം, സംഗീതം, എന്നിവയും കേരളീയ കലകളായി എണ്ണപ്പെടുന്നു.

## ക്ഷേത്രകലകൾ

കഥകളി, തുള്ളൽ ,കൂത്ത്, കൂടിയാട്ടം,പടയണി , പാഠകം,മുടിയേറ്റ്, തിറയാട്ടം, കൃഷ്ണനാട്ടം, ഗരുഡൻതൂക്കം,കാവടി  തുടങ്ങിയവയാണ് പ്രധാന ക്ഷേത്രകലകൾ .

## കേരള നടനം

കഥകളിയെ അടിസ്ഥനമാക്കി രൂപപ്പെട്ട ഒരുകലയാണ് കേരള നടനം . ശാസ്ത്രീയമായ അടിത്തറ കേരള നടനത്തിന്റെ പ്രത്യേകതയാണ്.

## കളമെഴുത്ത്

അഞ്ചുനിറത്തിലുള്ള പൊടികൾ കൊണ്ട് ദേവതകളുടെ രൂപം നിലത്ത് വരയ്ക്കുന്നതിനാണ് കളമെഴുത്ത് എന്ന് പറയുന്നത്.

ഈ നിറങ്ങൾ ഉണ്ടാക്കുന്നതിന് പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളാണ് ഉപയോഗിക്കുന്നത്.

## കഥകളി

സംഗീതം, സാഹിത്യം, നൃത്തം, അഭിനയം, വാദ്യം, തുടങ്ങിയവയെല്ലാം ചേർന്ന മനോഹരമായ ഒരു കലാരൂപമാണിത്.

കത്തിവേഷം, പച്ച, കരി, എന്നിങ്ങനെയാണ് കഥകളിയിലെ കഥാപാത്രങ്ങൾ.

കഥകളിയുടെ ചമയം ലോകപ്രശസ്തമാണ്. ഇന്ത്യയുടെ യശസ്സ് ലോകമെങ്ങും ഉയർത്തിയതിൽ കഥകളിക്ക് അനൽപമായ പങ്കുണ്ട്.

# വേനൽമഴ

ഒരു നേർത്ത കുളിരായ് കചന്നുഒരു
നേർത്ത കണ്ണാടി ചില്ലിനരികത്ത്
മഴയുടെ നനുത്ത തണുപ്പേറ്റുറങ്ങവെ
ഒരു സുന്ദര സ്വപ്നമന്നെൻ
മനസ്സിൽ അറിയാതെ കടന്നുവന്നു.

വേനൽച്ചൂടിനെ ശമിപ്പിക്കുവാൻവന്ന
മഴയുടെ സുഖമുള്ള ശാന്തതയെ
എത്രയും ആഴത്തിൽ നോക്കിനിന്നു.

പുഷ്പലതാദികൾ ഉന്മാദത്തിൽ
ആനന്ദന്രത്തം ചവിട്ടിനിന്നു
ആ ന്രത്തത്തിൽ എന്നെ മറന്നു ഞാൻ
ഒരു പുഷ്പമായ് അറിയാതെ  മാറിപ്പോയി

വേനലിൻ നിശ്ശബ്ദത വകഞ്ഞുമാറ്റി

മഴയുടെ മർമ്മരം കടന്നുവന്നു
വേനൽച്ചൂടിൽ ദാഹജലം വീഴ്ത്തും
മഴയുടെ സ്പർശം എന്നെ തഴുകി.

മഴയുടെ മാന്ത്രികസ്പർശം എന്നിൽ
ഒരു കുളിരായ് സ പ്നമായി കടന്നുവന്നു
ഭ്രൂമിതൻ മാറിൽ കിടന്നു ഞാൻ , മറ്റൊരു
പുൽക്കൊടിയായ് , പൂവായ് , മാറിപ്പോയി

ഒരു പൂവായ് തീർന്ന എന്നെ നോക്കി
മഴത്തുള്ളികൾ നേർത്ത പുഞ്ചിരി തൂകി
ഒരു കുഞ്ഞുപൂവിന്റെ ഇതളിൽ,
മഴത്തുള്ളി,
തണുപ്പിന്റെ മർമ്മരം കൊളുത്തിവച്ചു
വേനൽച്ചൂടിൽ ഒരു സുഖമായ് പെയ്യ്തൊരു
മഴയിൽ ഞാൻ ആനന്ദനൃത്തമാടി
മാനവജീവിത നൊമ്പര സത്യങ്ങൾ
ഒരു മാത്ര എന്നിൽ നിന്നകന്നുപോയി

ഭൂമിതൻ സുന്ദര സൃഷ്ടിയാം മാനവർ

ദുഖങ്ങൾ തൻ തീജ്വാലയിൽ

ഉരുകുമ്പോൾ

ഒരു നേർത്ത സാന്ത്വനം

പകർന്നുതരുമോ

ഒരു മഴയായ്....., വേനൽ മഴയായ്...

ഒരിക്കൽ മാത്രം.

- രൻജു. ബി

# ബന്ധങ്ങൾ

ബന്ധങ്ങളെക്കുറിച്ച് പറഞ്ഞാലും പറഞ്ഞാലും തീരില്ല.
ബന്ധങ്ങൾ ബന്ധനങ്ങൾ എന്ന് ചിലർ പറയുന്നു.
മനുഷ്യബന്ധങ്ങൾ നിർകുമിളകൾപോലെ
ക്ഷണികമാണെന്ന് ചിലർ പറയുന്നു. ഇക്കാലത്ത്
ബന്ധങ്ങള്ക്കൊന്നും യാതൊരു വിലയുമില്ല എന്ന് ചിലർ
പറയുന്നു. സത്യത്തിൽ എന്താണ് ബന്ധങ്ങൾ എന്ന്
നമ്മിലാരെങ്കിലും  ചിന്തിച്ചിട്ടുണ്ടോ? . അവയ്ക്ക്
എന്തെങ്കിലും അർത്ഥമുണ്ടോ എന്ന് ആരെങ്കിലും
ചിന്തിച്ചിട്ടുണ്ടോ. നമ്മുടെ എല്ലാത്തരം ബന്ധങ്ങളും
കുടുംബബന്ധങ്ങളാകട്ടെ , സാമൂഹ്യബന്ധഹങ്ങളാകട്ടെ
പല അർത്ഥതലങ്ങൾ ഉള്ളവയാണ്.

ഒരുപിടി മണൽത്തരി കയ്യിൽ എടുത്താൽ
എങ്ങിനയോ നമുക്ക് അതിനെ ബന്ധങ്ങളോട് ഉപമിക്കാൻ
ശ്രമിക്കും. നിങ്ങൾ മണൽത്തരി എടുത്തശേഷം
എത്രത്തോളം നിങ്ങളുടെ കൈ സ്വതന്ത്രമായി
തുറന്നുപിടിക്കുന്നുവോ അത്രത്തോളം ആ മണൽത്തരികൾ
കേട്ടുകൂടാതെ നിങ്ങളുടെ കൈയിൽ ഇരിക്കും. ഏതു
നിമിഷത്തിലാണോ നിങ്ങൾ ആ മണൽത്തരികളെ
കയ്യിൽ        മുറുക്കിപ്പിടിക്കുവാൻ ശ്രമിക്കുന്നത് ആ

നിമിഷം മുതൽ നിങ്ങളറിയാതെതന്നെ അവ നിങ്ങളുടെ കൈകൾക്കിടയിലൂടെ ചോർന്നുപോയ്ക്കൊണ്ടേയിരിക്കുന്നു. പിന്നീട് നിങ്ങളുടെ കൈപ്പിടിയിൽ അവശേഷിക്കുന്നത് വളരെ കുറച്ച് മണൽ മാത്രമായിരിക്കും. ബാക്കിയുള്ളവയെല്ലാം നഷ്ടപ്പെട്ടട്ടുണ്ടായിരിക്കും അതുപോലെയാണ് നമ്മുക്കിടയിലുള്ള ബന്ധങ്ങളും എത്രത്തോളം സ്വതന്ത്രമായി നാം ബന്ധങ്ങളോട് ഇടപെടുന്നുവോ. അത്രത്തോളം നാൾ അത് നിലനിൽക്കും.

ബന്ധങ്ങളെ എത്രമാത്രം നാം മുറുകെപ്പിടിക്കാൻ, കൈപ്പിടിയിലൊതുക്കാൻ ശ്രമിക്കുന്നുവോ ,സ്വാർത്ഥമതികളാകുന്നുവോ ബന്ധങ്ങളുടെ  താളങ്ങൾ അവിടെ വച്ച്  തെറ്റുന്നു. ആ നിമിഷം മുതൽ അവ നഷ്ടപ്പെട്ടു തുടങ്ങുന്നു. മറ്റുള്ളവ എന്തും നമുക്ക് കൈപ്പിടിയിൽ    ഒതുക്കാം പക്ഷേ , ബന്ധങ്ങളെ ഒരിക്കലും കൈപ്പിടിയിൽ ഒതുക്കാൻ ശ്രമിക്കരുത്. നല്ല വ്യക്തിബന്ധങ്ങൾ , കുടുംബബന്ധങ്ങൾ, സാമൂഹ്യബന്ധങ്ങൾ ഇവയെല്ലാം ഉണ്ടാകണമെങ്കിൽ സ്വാർത്ഥത വെടിഞ്ഞ് തുറന്ന മനസ്സോടെ , ബഹുമാനത്തോടെ, സ്നേഹത്തോടെ മറ്റുള്ളവരോട് പെരുമാറാൻ നാം ശ്രമിക്കണം.

# മാതൃഭൂമി

അമ്മേ ജനനി നിനക്കു

കാവലാകാൻ ഞങ്ങളുണ്ട്

മലയും മരവും കിളികളും

എല്ലാം നിന്റെ കാരുണ്യമല്ലോ?

എല്ലാവരും നിന്നെ മാതാവായി

കണ്ടാലുംഎനിക്ക് നീ മാതവിലും വലുത്

താമരയിതളിനെ പോലെ

അതിമനോഹരമായ നയനങ്ങൾ

ഇളകിയാടന്ന കുന്തളേ

റോസാപ്പൂവിനെ വെല്ലുന്ന ചുണ്ടുകളും

കടലിനെ വെല്ലുന്ന സൗന്ദര്യനും

അതിമൃദുലമായ കരങ്ങളും

എല്ലാം നിന്റേതല്ലെ

ഒരു ജീവൻ നിലനിർത്താൻ

നിന്റെ കാരുണ്യം വേണം

മാതാവേ നീയില്ലെങ്കിൽ ഞങ്ങളില്ല

ഞങ്ങളില്ലെങ്കിൽ ഭൂമി നിശബ്ദം

കുഞ്ഞുങ്ങളുടെ തെറ്റ്

മാതാവ് ക്ഷമിക്കുന്നതുപോലെ

ഞങ്ങളുടെ തെറ്റ് നീ

ക്ഷമിക്കേണമേ

# പ്രതിഫലം

എന്റെ അനിയത്തി വളരെ
വാശിക്കാരിയായിരുന്നു.
അവൾ ചെറിയ കാര്യങ്ങൾക്കു വരെ
വിട്ടുകൊടുക്കാ
ത്ത സ്വഭാവമായിരുന്നു.എനിക്ക് എന്തു കിട്ടിയാലും
അവൾക്കും വേണം.ഞാൻ അവളുടെ
ആഗ്രഹങ്ങൾ
ക്കെല്ലാം വഴങ്ങി എനിക്ക് കിട്ടേണ്ട പലതും ഞാൻ
അവൾക്കു വിട്ടു കോടുക്കുമായിരുന്നു.അവൾ എന്റെ
കുഞ്ഞനുജത്തിയല്ലേ എന്നു കരുതി അവളുടെ ചെ
റിയ കുസൃതികളൊന്നും ഞാൻ
കാര്യമായെടുത്തില്ല.
എനിക്ക് പത്താം ക്ലാസിൽ നല്ല മാർക്ക് ലഭിച്ചു.അ
തുകൊണ്ട് എന്റെ അച്ഛനമ്മമാർക്ക് വളരെ

സന്തോഷമായി.അവർ എനിക്ക് രഹസ്യമായി ഒരു സമ്മാനം തരാൻ കരുതിയിരുന്നു.ഞാൻ അന്ന് സ്കൂളിൽ നിന്ന് മടങ്ങിയെത്തിയപ്പോൾ ഒരു ഭംഗിയുള്ള മാല അവർ എനിക്ക് നൽകി.എനിക്ക് അതു വളരെ ഇഷ്ടമായി.അതെനിക്ക് തന്നതു കണ്ടിട്ട് അതു വേണമെന്ന് പറഞ്ഞ് കരഞ്ഞ് നിലവിളിക്കുകയായിരുന്നു.കുറച്ചു നേരത്തേക്ക് എനിക്ക് വിഷമമുണ്ടായിരുന്നുവെങ്കിലും ഞാ നത് അവൾക്ക്കൊടുക്കുവാൻ തീരുമാനിച്ചു.അന്ന് രാത്രി അച്ഛൻ എന്നെ മുറിയിലേയ്ക്ക് വിളിച്ചു.എന്നിട്ട് ഒരു സ്വർണ്ണമാല തന്നു.അതുകണ്ടപ്പോൾ എനിക്ക് വലിയസന്തോഷമായി.ഇത് അനിയത്തിയെ കാണിക്കാതെസൂക്ഷിച്ചുവെയ്ക്കാൻ അച്ഛൻ നിർദ്ദേശിച്ചു.എന്റെസന്തോഷം അതിമഹത്വമുള്ളതായിരുന്നു.അങ്ങനെ ത്യാഗത്തി ന്റെ പ്രതിഫലം മധുരമായി.

# പോയ് മറയുന്ന വസന്തം

പോയ് മരഞ്ഞൊരാരാ വസന്തം
കാഴ്ചതൻ വിസ്മരതയിൽ നിന്നും
കായലും കാനനങ്ങളും
ഇനി ഓർമകൾ ഓർമകൾ മാത്രം

സന്ധ്യചാരുത തിങ്ങിനിൽക്കുന്ന
സ്വച്ഛസുന്ദര ഭൂമിയിൽ
മിഴിനാർന്നു വിലസുന്നു
ജൈവ സന്യാസി ജാലങ്ങളത്രയും

ദാഹം മാറ്റുന്ന നീർചാലുകളും
കുളിർമ്മയേകുന്ന കായലോരങ്ങളും
തണലേകുന്നാമരക്കൂട്ടവും
തീരത്തെ തെന്നലിൻ ഊഞ്ഞാലാട്ടവും

ഇനി ഇതെല്ലാം മിഥ്യയായ് മാറുമ്പോൾ
ഓർക്കുക ഭ്രമിതൻ വിരഹവേദന
അത്രമേൽ നാശമായ് മാറുന്നൊരീ
ഭ്രമിയിൽ സ്പന്ദനം നിലയ്ക്കാമെക്കാലവും

# ശുഭാപ്തി വിശ്വാസം

ബഹുമാനപ്പെട്ട ക്ലാസ്സ് ടീച്ചർ ,

എന്റെ പ്രിയ കൂട്ടുക്കാരെ ,

ഞാനിന്നിവിടെ നിങ്ങളുടെ മുന്നിൽ നിൽക്കുന്നത്

ശുഭിപ്തി വിശ്വാസത്തെക്കുറിച്ച് രണ്ട് വാക്ക് സംസാരിക്കുവാനാണ് .

ഇന്നത്തെ തലമുറയിൽ കുട്ടികൾക്ക് ശുഭാപ്തിവിശ്വാസം വളരെ കുറവാണ് . കുട്ടികൾ

നാളെ എന്തു വരുമെന്നുള്ള നിരാശയിലാണ് .
അതു കൊണ്ട് , ശുഭാപ്തിവിശ്വാസത്തെക്കുറിച്ച്
കുട്ടികളെ കൂടുതല് ബോധവാന്മാരാക്കേണ്ടത്
വളരെ അത്യവശ്യമാണ് .

പ്രശസ്തരായ പല മഹാന്മാരും ശുഭാപ്തിവി - ശ്വാസത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട് .അവർ എന്തെങ്കിലും ചെയ്ത് വിജയിച്ചിട്ടുള്ളവരാണെങ്കി - ൽ അവരെ ആ വിജയിത്തിലെത്തിച്ചത് ശുഭാപ്തി വിശ്വാസമാണ് .ഉദാഹരണത്തിന് നമ്മുടെ ഗാന്ധിജി .അദ്ദേഹം നമുക്ക് സ്വാതന്ത്രം നേടി തന്നു .അദ്ദേഹത്തിന്റെ മനസ്സിലെ ശുഭാപ്തി - സമാണ് ,ഇത്തരത്തിൽ പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് .അദ്ദേഹത്തിന്റെ മനസ്സിൽ എപ്പോഴും നിരാശ മാത്രമായിരുന്നെ - ങ്കിലോ ,ഒരു നല്ല ശുഭാപ്തിവിശ്വാസമുള്ള വേറൊരു ഗാന്ധിജി പിറക്കുന്നത് വരെ നാം ബ്രിട്ടീഷുകാരുടെ കൂട്ടിലെ കിളികലായി കിടന്നേനെ.

പ്രിയ കൂട്ടുകാരെ നമ്മളാണ് അടുത്ത തലമുറ .അടുത്ത പ്രതിനിധികൾ .നമ്മുടെ ഉള്ളിൽ ശുഭാപ്തിവിശ്വാസം വളർത്തിയാൽ നാം മാതൃകയാകുന്ന അടുത്ത തലമുറയെ ശുഭാപ്തിവിശ്വാസമുള്ളതാക്കി തീർക്കാം .ശുഭാപ്തിവിശ്വാസം നമുക്കുണ്ടയാൽ മാത്രമേ , മറ്റു തലമുറയെ നമുക്ക് ശുഭാപ്തിവിശ്വാസമുള്ളതാ-ക്കി മാറ്റി ജീവിതം മുന്നോട്ടു നയിക്കാൻ കഴിയൂ . കാരണം ,ശുഭാപ്തിവിശ്വാസമാണ് മനുഷ്യജീവിതത്തെ മുന്നോട്ട് നയിക്കുന്നത് .ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു .

# സൗഹൃദം



ഭൂമിയിൽ നശിക്കാത്ത ഒരു ബന്ധമാണ് സൗഹൃദം.നല്ല സൗഹൃദം നമ്മെ നന്മയിലേക്ക് നയിക്കും.നമ്മൾഒരു കൂട്ടുകാരനെ പരിചയപ്പെട്ട് വലിയ സൗഹൃദത്തിലായാൽ ആ സൗഹൃദം എവിടെ നിന്നാണ് ആരംഭിച്ചത് എന്നുപോലും നാം മറന്നുപോകും. നമുക്ക് ഭൂമിയിൽ നിന്നും കിട്ടുന്ന ഏറ്റവും വലിയ അറിവ് നമ്മുടെ

സുഹൃത്തിന്റെ കയ്യിൽ നിന്നാണ്. ആ അറിവ് നമുക്ക് പകർന്നു നൽകുമ്പോൾ അത് കേൾക്കാൻ ഒരു സുഖമുണ്ട്. നമുക്ക് ഏറ്റവും കൂടുതൽ സന്തോഷം ലഭിക്കുന്ന സ്ഥലം വിദ്യാലയമാണ്.അവിടെയുള്ള അന്തരീക്ഷവും നമ്മുടെ കൂട്ടുക്കാരുമാണ് നമ്മുടെ ജീവിതം.ആ സമയത്ത് നമ്മെ നയിക്കുന്നതവിദ്യാലയത്തൽ നിന്നുള്ള കൂട്ടുകെട്ടും വിനോദയാത്രയുമെല്ലാം നമ്മുടെ മനസ്സിന്കുളിർമ നൽക്കുന്നു. എന്നാൽ നമ്മൾചിലപ്പോഴെങ്കിലുംവിദ്യാലയത്തിലെ പരീക്ഷാഹാളിൽ വെച്ച് നമ്മൾ നമ്മുടെ ഉറ്റസുഹൃത്തിന് ഉത്തരങ്ങൾ കാണിച്ച് കൊടുക്കുമ്പോൾ നമ്മൾ വിച്ചാരിക്കും ഏറ്റവും നല്ലകാര്യമാണെന്ന,അത്തെറ്റാണ.സൗഹൃദ ത്തിന്റെ യഥാർത്ഥ മൂല്യം കൈവരുന്നത് അവരെ നമ്മോടൊപ്പംവിജയത്തിലേക്ക്പടുത്തുയർത്തു മ്പോഴാണ്.

# From 'My World' To 'The World'

I Remember The Day,
With Tears Rolling Down my Cheek
With a Doubted Face,
Through The Blurred Vision
I Saw a Smiling Face
She Took My Tiny Hands In Hers
Caressed Me With Her Touch
I Felt The Care,The Warmth Of Love

Years Passed,Here I Stand Before Her,

With Tears Rolling Down My Cheek

With a Gloomy Face............

She Took My Hands In Hers

Told Me That She Will Miss Me

I Felt Her Love,The Love That Doesn't Differentiate

Hoping To See Her Once More

Here I Stand Before You

To Bid He Adieu.........................

Still,With a Gloomy Face

Sorrow In My Heart................

Pained To Leave You All,

Here Is My Exit................

Exit From The Face Of Loving Faces,

Caring And Kind Words..................

Asking Your Blessing I stand Here,

–Cause I'm Not Sure About My Future,

You Were The One Who Showed Me Path,

Gave Me Light To Spread To Others

You Taught Me To Live Without Fear,

But With Love......................

You Showed Me What Is Truth..............

Hence,I Ask Your Blessings......................

With a Stone On My Heart......................

I Leave You..............Hoping To See You

Again..............

LAMIYA SALEEM

*IX B*

# TEACHERS

Spreading their light,
They teach us,
The values of life,
Shining bright,
They appear,
In front,of us,
Giving their light,
They show us,
The future awaiting us,
Like a light lit up,
They stay,
In our hearts and minds,
Filling our life,With their lights


The End